| ഫാ. വർഗ്ഗീസ് കൂത്തൂർ | 24 |
| മോൺ. ജോർജ്ജ് മാനാടൻ | 24 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 24 |
| ഫാ. ജിഫി മേക്കാട്ടുകുളം | 24 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 24 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 24 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 24 |
| ഫാ. ജോർജ്ജ് നിരപ്പുകാലയിൽ | 24 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 24 |
| ഫാ. ജോഷി പറോക്കാരൻ | 24 |
| ഫാ. സോബിൻ പായിക്കാട്ട് | 24 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 24 |
| ഫാ. ജോജു പൊറുത്തൂർ | 24 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 24 |
| ഫാ. കനേഡിയൻ തണ്ടാശ്ശേരി | 24 |
| ഫാ. മനോജ് താണിക്കൽ | 24 |
| ഫാ. ജിയോ തരകൻ | 24 |
| ഫാ. വർഗ്ഗീസ് തരകൻ | 24 |
| ഫാ. ജസ്റ്റിൻ തേക്കാനത്ത് | 24 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 24 |
| ഫാ. ഷാജൻ തേർമഠം | 24 |
| ഫാ. ജോർജ്ജ് തേർമഠം | 24 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 24 |
| ഫാ. ജോർജ്ജ് വടക്കേത്തല | 24 |
| ഫാ. ഗ്ലാഡ്രിൻ വട്ടക്കുഴി | 24 |
| ഫാ. വിനോയ് വാഴപ്പിള്ളി | 24 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ഗീവർഗ്ഗീസ് പെരുമാട്ടിൽ | 25.04.1895 |
| ഫാ. യോഹന്നാൻ അമ്പൂക്കൻ | 19.04.1930 |
| ഫാ. തോമസ് മാളിയേക്കൽ | 16.04.1944 |
| ഫാ. മാത്യു കൊള്ളന്നൂർ | 27.04.1944 |
| ഫാ. ജോർജ്ജ് വാഴപ്പിള്ളി | 18.04.1962 |
| ഫാ. സെബാസ്റ്റ്യൻ തട്ടിൽ | 01.04.1963 |
| ഫാ. ജോസഫ് വലിയവീട്ടിൽ | 10.04.1972 |
| ഫാ. ജോൺ വാലികോടത്ത് | 24.04.1973 |
| ഫാ. അബ്രാഹം കിഴക്കൂടൻ | 28.04.1977 |
| ഫാ. സേവ്യർ അക്കര | 07.04.1978 |
| ഫാ. ഫ്രാൻസിസ് ബ്രഹ്മകുളം | 18.04.1982 |
| ഫാ. പോൾ കല്ലൂക്കാരൻ | 16.04.1983 |
| ഫാ. ജോൺ ചാലക്കൽ | 14.04.1991 |
| മോൺ. ജേക്കബ് അടമ്പുകുളം | 11.04.1993 |
| മോൺ. ഇഗ്നേഷ്യസ് ചാലിശ്ശേരി | 11.04.1997 |
| ഫാ. ഫ്രാൻസിസ് ചിറമ്മൽ | 18.04.1997 |
| ഫാ. സിറിയക് വടക്കൻ | 26.04.2017 |
| ഫാ. എടയാൽ ചാക്കോ | 14.04.2018 |
| ഫാ. ചിറ്റിലപ്പിള്ളി റാഫേൽ | 07.04.2019 |

# 18–ാം
# പാസ്റ്ററൽ കൗൺസിൽ പ്രഥമയോഗം


18–ാം പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമയോഗം 2020 ഏപ്രിൽ 18 ന് ശനിയാഴ്ച, രാവിലെ 9.30 മണിക്ക് തൃശ്ശൂർ ഡി.ബി.സി. എൽ.സിയിൽ കൂടുന്നു. എല്ലാ പുതിയ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

**തീയതി : 18.04.2020 ശനി**

**സമയം : രാവിലെ 9.30 മണി**

**സ്ഥലം : ഡി.ബി.സി.എൽ.സി.**

## ആദരാഞ്ജലികൾ



# റവ. ഫാ. ജോസഫ് വടക്കേത്തല (90) നിര്യാതനായി

യോഹന്നാന്റെ സുവിശേഷത്തിലെ സഹോദരസ്നേഹത്തെ കുറിച്ച് ഉന്നത ഗവേഷണം നടത്തുകയും പഠനത്തിൽ നിന്നും ലഭിച്ച ആത്മീയ ചിന്തകൾ സാധാരണക്കാരിലെക്കെത്തിക്കാൻ അത്മാർത്ഥമായി അദ്ധ്വാനിച്ച അദ്ധ്യാപകൻ, ആത്മീയഗുരു, കർമ്മനിരതനായ വികാരി എന്നിങ്ങനെ തന്റെ സേവനമേഖലയിൽ പ്രശോഭിച്ച തൃശൂർ അതിരൂപതയിലെ സീനിയർ വൈദികൻ റവ. ഫാ. ജോസഫ് വടക്കേത്തല 2020 മാർച്ച 10ന് ചൊവ്വ വൈകീട്ട് 5 മണിക്ക് അന്തരിച്ചു.

കണ്ടശ്ശാംകടവ് ഇടവകയിലെ വടക്കേത്തല അന്തോണി + റോസ ദമ്പതികളുടെ മകനായി 1930 ഫെബ്രുവരി 8 ന് ബഹു. ജോസഫ് അച്ചൻ ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1956 മാർച്ച് 13ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.


അജപാലന ഔത്സുക്യത്തോടെ ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുവാനുള്ള ഉൾവിളിയുമായി മേലാർക്കോട്, അമ്മാടം ഇടവകകളിൽ സഹവികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ച അദ്ദേഹം കൽപറമ്പ് പള്ളിയിൽ നടത്തുവികാരിയായും ചിറയളം, അഞ്ഞൂർ എന്നീ ഇട

വകകളിൽ വികർ ഇൻ ചാർജ്ജ് ആയും തൃശ്ശൂർ സെന്റ് ആൻസ്, ആമ്പക്കാട്, ചിറ്റിശ്ശേരി, മുണ്ടത്തിക്കോട് എന്നിവിടങ്ങളിൽ വികാരിയായും സേവനം ചെയ്തു. റോമിലെ ബിബ്ളിക്കും ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ബൈബളിൽ ഡോക്ടർ ബിരുദം നേടിയ അദ്ദേഹം ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി അദ്ധ്യാപകൻ (1956–1961; 1974–1980), തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ ആദ്ധ്യാത്മീക പിതാവ് (1980 –1988) എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വൈദിക വിദ്യാർത്ഥികളെ സ്വന്തമായി കരുതുകയും അവരുടെ പരിശീലനത്തിനായി സാമ്പത്തിക സഹായം നല്കുകയും ചെയ്ത് സഭാസ്നേഹവും സഹോദരസ്നേഹവും അച്ചൻ തന്റെ ജീവിതത്തിലൂടെ പ്രാവർത്തികമാക്കി. മറ്റുള്ളവരിൽ യേശുവിനെ കണ്ടുകൊണ്ട് നിർദ്ധനരായ വ്യക്തികൾക്ക് ചികിത്സ, വിദ്യാഭ്യാസം, വിവാഹം, ഭവനനിർമ്മാണം തുടങ്ങിയവയ്ക്ക് സഹായം നല്കുന്നതിനായി വടക്കേത്തല ട്രസ്റ്റ് രൂപീകരിച്ചു. 1995 ഒക്ടോബർ 2 മുതൽ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

മൃതദേഹം മാർച്ച് 11 ബുധനാഴ്ച്ച രാവിലെ 6.30 മുതൽ 8.30 വരെ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലും, അതിനുശേഷം രാവിലെ 9.30 മുതൽ കണ്ടശ്ശാംകടവിലെ സഹോദരൻ ജോർജ്ജിന്റെ വസതിയിലും പൊതുദർശനത്തിന് വച്ചു. തുടർന്ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം സഹോദര വസതിയിൽ നിന്ന് അഭിവന്ദ്യ ടോണി പിതാവിന്റെ കാർമ്മികത്വത്തിൽ ആരംഭിച്ചു. ശേഷം മൃതദേഹം കണ്ടശ്ശാംകടവ് ഫൊറോന പള്ളിയിലേക്ക് സംവഹിക്കുകയും മൃതസംസ്കാരശുശ്രൂഷയുടെ രണ്ടും മൂന്നും ഭാഗങ്ങൾ അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ കാർമ്മികത്വത്തിലും നാലാം ഭാഗം അഭിവന്ദ്യ താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിലും നടത്തപ്പെട്ടു.

"എന്റെ ഈ എളിയ സഹോദരർക്കും നിങ്ങൾ ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്" എന്ന ദൈവവചനം മനസ്സിൽ പതിപ്പിച്ച് സഹോദരസ്നേഹത്തിന് തന്റേതായ മാനം നൽകി കർത്താവിന്റെ മുന്തിരിത്തോപ്പിൽ അഹോരാത്രം അധ്വാനിച്ച വടക്കേത്തല ബഹു. ജോസഫച്ചന് തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലി!!!



# റവ. ഫാ. ജോൺ ചെമ്മണ്ണൂർ (97) അന്തരിച്ചു

വിശ്രമജീവിതത്തിലും ക്രിസ്തുസ്നേഹത്താൽ ആത്മാക്കളെ നേടുന്നതിനു സദാ കർമ്മനിരതനായി പുണ്യജീവിതം നയിച്ച തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ റവ. ഫാ. ജോൺ ചെമ്മണ്ണൂർ 2020 മാർച്ച 15ന് ഞായറാഴ്ച  വൈകിട്ട് 5:45ന് അന്തരിച്ചു.

പേരകം ഇടവകയിലെ ചെമ്മണ്ണൂർ പൊറിഞ്ചുകുട്ടി + താണ്ടമ്മ ദമ്പതികളുടെ മകനായി 1923 മെയ് 27ന് ബഹു. ജോൺ അച്ചൻ ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1958 മാർച്ച് 13ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

സൗമ്യതയോടെ 62 വർഷം പൗരോഹിത്യജീവിതം സ്തുത്യർഹമായി നയിച്ച ജോണച്ചൻ പറപ്പൂക്കര ഇടവകയിൽ സഹവികാരി ശുശ്രൂഷയും മുല്ലശ്ശേരി പള്ളിയിൽ നിന്ന് വികാരി ശുശ്രൂഷയും ആരംഭിച്ചു. വടക്കൻ പുതുക്കാട് നടത്തുവികാരിയായും പുത്തൻവേലിക്കര, മടത്തുംപടി, മൂർക്കനാട്, കാറളം കിഴക്ക്, വടക്കൻ താണിശ്ശേരി, ചെമ്മണ്ട, മുക്കാട്ടു

കര, മണ്ണുത്തി, ഇരിഞ്ഞാലക്കുട ഈസ്റ്റ്, തെക്കൻ താണിശ്ശേരി, ചേർപ്പ്, കോട്ടപ്പടി, തൃപ്രയാർ, ഒളരിക്കര, മുണ്ടൂർ, കൊട്ടേക്കാട്, കടങ്ങോട്, പാത്രാമംഗലം, തൃശ്ശൂർ സെന്റ് ആൻസ്, ചെമ്മണ്ണൂർ എന്നിവിടങ്ങളിൽ വികാരിയായും പഴുവിൽ, ഒല്ലൂർ, എരുമപ്പെട്ടി എന്നിവിടങ്ങളിൽ ഫൊറോന വികാരിയായും സേവനം ചെയ്തു. കൂടാതെ മുല്ലശ്ശേരി, മൂർക്കനാട്, വടക്കൻ താണിശ്ശേരി, മുക്കാട്ടുകര, ഇരിഞ്ഞാലക്കുട ഈസ്റ്റ്, കോട്ടപ്പടി, പഴുവിൽ, എരുമപ്പെട്ടി, ഒല്ലൂർ എന്നിവിടങ്ങളിൽ സ്കൂൾ മാനേജരായും സേവനം അനുഷ്ഠിച്ചു. സമാധാനപ്രിയനായി സൗഹൃദത്തോടെ അജഗണങ്ങളെ തേടിയിറങ്ങുകയും ക്രിസ്തുസ്നേഹത്തിൽ അവരെ ഒന്നിപ്പിക്കുവാനുമായി അക്ഷീണം പ്രയ്തനിച്ച ജോൺച്ചൻ പൗരോഹിത്യ പന്ഥാവിൽ നിറഞ്ഞു നിന്ന മനോഹര വ്യക്തിത്വമായിരുന്നു. 2009 മെയ് 2മുതൽ ചേറൂരിലുള്ള വിയാനി ഭവൻ വൈദികമന്ദിരത്തിലും തുടർന്ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലും വിശ്രമജീവിതം നയിച്ചു വരികയായിരുന്നു.

മൃതദേഹം മാർച്ച് 16 തിങ്കളാഴ്ച്ച രാവിലെ 6:30 മുതൽ 9 വരെ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലും, അതിനുശേഷം രാവിലെ 10 മുതൽ പേരകത്തുള്ള സഹോദരപുത്രൻ സെബാസ്റ്റ്യന്റെ വസതിയിലും പൊതുദർശനത്തിന് വയ്ച്ചു. തുടർന്ന് ഉച്ചകഴിഞ്ഞ് 2മണിക്ക് മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം സഹോദര പുത്രന്റെ വസതിയിൽ നിന്ന് അഭിവന്ദ്യ ടോണി പിതാവിന്റെ കാർമ്മികത്വത്തിൽ ആരംഭിച്ചു. ശേഷം മൃതദേഹം പേരകം ഇടവക പള്ളിയിലേക്ക് സംവഹിക്കുകയും മൃതസംസ്കാരശുശ്രൂഷയുടെ രണ്ടും മൂന്നും ഭാഗങ്ങൾ അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ കാർമ്മികത്വത്തിലും നാലാം ഭാഗം അഭിവന്ദ്യ താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിലും നടത്തപ്പെട്ടു.

അജപാലന ശുശ്രൂഷ ഉത്തമമാതൃക നൽകി അജഗണത്തെ കർത്താവിലേക്കടുപ്പിക്കുവാൻ അശ്രാന്ത പരിശ്രമം ചെയ്ത് സ്വർഗ്ഗസമ്മാനത്തിനായി വിളിക്കപ്പെട്ട ചെമ്മണ്ണൂർ ബഹു. ജോണച്ചന് തൃശ്ശൂർ അതിരൂപതയുടെ ആദരാഞ്ജലി!!!



# ■ സന്യസ്തർ

**സി. ആർ. ഐ. വാർത്തകൾ**

1. **സി.എം.സി.**

   ആലുവയിൽ നടന്ന മൂന്ന് ദിവസത്തെ ജനറൽ പ്ലീനറിയിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ പങ്കെടുത്തു. തൃശ്ശൂർ സേക്രഡ് ഹാർട്ട് ഗേൾസ് കോൺവെന്റ് സ്കൂളിന്റെ അഞ്ചുദിവസം നീണ്ടുനിന്ന ശതാബ്ദി വാർഷിക ആഘോഷങ്ങൾക്ക് തിരശ്ശീല വീണു. ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാന്റെ സാന്നിധ്യം ആഘോഷപരിപാടികൾക്ക് മാറ്റ് കൂട്ടി. സി.എം.സി.സ്ഥാപനദിനമായ 13 ന് എല്ലാഭവനങ്ങളിലും ഈ നിയോഗാർത്ഥം ദിവ്യബലി അർപ്പിക്കുകയും ഒരു മണിക്കൂർ ആരാധന നടത്തുകയും ചെയ്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ കല്യാൺ നിർമ്മലോദയ മിഷനിലെ 5 ഭവനങ്ങളിൽ കാനോനിക സന്ദർശനം നടത്തി 20ന് തിരിച്ചുവന്നു. 21 ന് തൃശ്ശൂർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് Sri.C. J. Romid FCAയുടെ നേതൃത്വത്തിൽ സുപ്പീരിയേഴ്സ്, ഫിനാൻസ് സെക്രട്ടറിമാർ, സ്ഥാപനാധികാരികൾ, ബർസാർമാർ എന്നിവർക്കായി ഒരു ദിവസത്തെ സെമിനാർ സംഘടിപ്പിച്ചു.

2. **എഫ്.സി.സി.**

   തൃശൂർ അസ്സീസി മഠത്തിന്റെ പുതിയ ചാപ്ലെയിനായി ഫാ. ഡൊമിനിക് തലക്കോടൻ ചാർജ്ജെടുത്തു. 2–ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ഫോർമേഷൻ സ്റ്റാഫിന്റെ മീറ്റിംഗ് നടത്തി. കാൽവരി ആശ്രമത്തിൽ വച്ച് നടന്ന കെ.എഫ്.എഫ്.യു.വിന്റെ സമ്മേളനത്തിൽ എല്ലാ ഭവനങ്ങളിൽ നിന്നും സിസ്റ്റേഴ്സ് സംബന്ധിച്ചു. അസ്സീസിയിൽ വെച്ച് ഫെബ്രുവരി 16–ാം തീയതി എയ്ഡഡ് – ഹയർ സെക്കണ്ടറി, ഹൈസ്ക്കൂൾ, യു.പി, എൽ.പി സ്കൂളിലെ പ്രിൻസിപ്പാൾ/ ഹെഡ്മിസ്ട്രസ്സ് എന്നിവർക്കായി നട

ത്തിയ മീറ്റിംഗിൽ എല്ലാവരും സംബന്ധിച്ചു. മമ്മിയൂർ ലിറ്റിൽഫ്ളവർ എഫ്.സി കോൺവെന്റിൽ ഉപവാസ പ്രാർത്ഥനാസമ്മേളനം നടത്തി. 28–ാം തീയതി കുറുമാൽ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തിയ തൃശ്ശൂർ അതിരൂപതയിലെ ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ മഹാസംഗമത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി മുഖ്യ പ്രഭാഷണം നടത്തുകയും സി. ജ്യോതിസ് ക്ലാസ്സെടുക്കുകയും ചെയ്തു.

3. **സി.എച്ച്.എഫ്.**

നവജ്യോതി പ്രോവിൻസിലെ എട്ട് സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലി ഒളരിക്കര ലിററിൽ ഫ്ളവർ ദേവാലയത്തിൽ സമുചിതമായി ആഘോഷിച്ചു. തൃശ്ശൂർ അതിരൂപതയുടെ സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. പ്രോവിൻസിന്റെ കീഴിലുള്ള സ്ക്കൂളുകളിൽ നിന്ന് വിരമിക്കുന്ന ടീച്ചേഴ്സിന് യാത്രയയപ്പ് നൽകി അനുമോദിച്ചു. സ്ക്കൂളുകളിൽ പ്രോവിൻസിന്റെ നേതൃത്വത്തിൽ നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് ട്രോഫികൾ നൽകി ആദരിച്ചു.

4. **സി.എസ്.സി.**

കൂർക്കഞ്ചേരി മരിയ പ്രോവിൻസിൽ നിന്നു 65 വയസിനു മുകളിലുള്ള ബഹു. സിസ്റ്റേഴ്സിനായിആലപ്പുഴയിലേക്കു ഒരു ദിവസത്തെ ഉല്ലാസയാത്ര സംഘടിപ്പിച്ചു.സിസ്റ്റേഴ്സ് പൊങ്ങണംകാട് ഇടവകയിൽ രണ്ടാഴ്ച്ചത്തെ ഹോം മിഷൻ നടത്തി. കൂർക്കഞ്ചേരി മരിയ പ്രോവിൻസിലെ ആവേ മാതാ ധ്യാനടീമിന്റെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ ഏകദിന ധ്യാനം നടത്തി

5. **എസ്.എ.ബി.എസ്.**

ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽവച്ച്, ഫെബ്രുവരി 8ന്, പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടന്റെ നേതൃത്വത്തിൽ സുപ്പീരിയേഴ്സ് കോൺഫറൻസ് നടന്നു. കൊറോണ വൈറസ് ബാധ ലോകം മുഴുവനെയും ഭീതിയിലാഴ്ത്തിയിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ, ലോകം മുഴവനിലും ദൈവകരുണ വർഷിക്കപ്പെടുവാനായി, എല്ലാ മഠങ്ങളിലും ഈ നിയോഗാർത്ഥം വി. കുർബാനയും ആരാധനയും നടത്തി. 15ന് ചെന്നായ്പാറ നവജ്യോതി ആരാധനാമഠത്തിന്റെ രജതജൂബിലി ആഘോഷം സമുചിതമായി നടത്തപ്പെട്ടു. 10.30ന് അദിലാബാദ് രൂപതാമെത്രാൻ മാർ പ്രിൻസ് പാണേങ്ങാടൻ കൃതജ്ഞാ ബലി അർപ്പിച്ചു. 24 മുതൽ 29 വരെ പ്രോവിൻസിലെ എല്ലാ മഠങ്ങളിലും ദൈവവിളി വാരം ആച

രിച്ചു. 28 ന് തൃശ്ശൂർ നിർമ്മലമാതാ കോൺവെന്റിൽവച്ച് Night Vigil നടത്തി.

6. **സി.എസ്.എം.**

മൂന്നുവർഷത്തോളം പ്രൊവിൻഷ്യൽ ഹൗസിന്റെ കപ്ലോനായിരുന്ന ഫാ. നൈസൻ ഏലന്താനത്തിന് യാത്രയയപ്പ് നൽകുകയും പുതുതായി ചാർജ്ജെടുത്ത ബഹു. ജോസ് വട്ടക്കുഴി അച്ചനെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജിയോ മരിയയും സിസ്റ്റേഴ്സും സ്വാഗതം ചെയ്യുകയും ചെയ്തു. ഫെബ്രുവരി 11 ന് പ്രോവിൻസിന്റെ മദ്ധ്യസ്ഥയായ പരിശുദ്ധ ലൂർദ് മാതാവിന്റെ തിരുന്നാൾ പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു. 28, 29 തീയതികളിൽ ലൂർദ്ദ് നാഥ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ലോക്കൽ സുപ്പീരിയേഴ്സിനും വൊക്കേഷൻ പ്രമോട്ടേഴ്സിനും വേണ്ടി നടത്തിയ കോൺഫ്രൻസിൽ എല്ലാ അംഗങ്ങളും പങ്കെടുത്തു.

## ആദരാഞ്ജലികൾ



**24.02.2020 സി.എസ്.എം.** തൃശ്ശൂർ ലൂർദ്ദ് നാഥ പ്രൊവിൻഷ്യൽ ഹൗസ് അംഗമായ സി. ഫെലിക്സ് (80) നിര്യാതയായി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ നേതൃത്വത്തിൽ മൃതസംസ്ക്കാര കർമ്മങ്ങൾ നിർവഹിക്കുകയും കോളങ്ങാട്ടുകര മരിയ ഭവൻ മഠം വക കപ്പേളയിൽ സംസ്ക്കരിക്കുകയും ചെയ്തു.



**സി.എച്ച്.എഫ്.** – നവജ്യോതി പ്രോവിൻസിലെ മുക്കാട്ടുകര ഭവനാംഗമായ സി. എൽവീറ നിര്യാതയായി. അതിരൂപത പ്രൊക്കുറേറ്റർ ഫാ. വർഗ്ഗീസ് കൂത്തൂരിന്റെ നേതൃത്വത്തിൽ മുക്കാട്ടുകര ബെത്‌ലേഹം കോൺവെന്റ് മഠം വക കപ്പേളയിൽ സംസ്ക്കരിക്കുകയും ചെയ്തു.

**സി.റോസ് അനിത FCC**
പ്രസിഡണ്ട്

**സി.നമിത റോസ് CMC**
സെക്രട്ടറി



# പാലയൂർ തീർത്ഥകേന്ദ്രം

1. **മഹാ തീർത്ഥാടനത്തിന് ഒരുക്കമായ പതാക പ്രയാണം**

പാലയൂർ മാർതോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രപ്രഖ്യാപനത്തിനും പാലയൂർ മഹാതീർത്ഥാടനത്തിനും മുന്നോടിയായി അതിരൂപതയിലെ എല്ലാ ഫൊറോന ദേവാലയങ്ങളിൽ നിന്നും പാലയൂർ തീർത്ഥകേന്ദ്രത്തിലേക്ക് പതാക പ്രയാണം നടത്തി. ഫൊറോന ദേവാലയങ്ങളിലെ രാവിലത്തെ ദിവ്യബലിക്കു ശേഷം പതാകകൾ ആശിർവദിച്ചു ഫൊറോന വികാരിമാർ പതാക പ്രയാണ ടീം ലീഡർമാർക്കു കൈമാറി. വിവിധ കുടുംബ കൂട്ടായ്മ ഭാരവാഹികളാണ് ഫൊറോനകളിൽ നിന്നുള്ള പതാക പ്രയാണത്തിന് നേതൃത്വം നൽകിയത്. തീർത്ഥ കേന്ദ്രത്തിലെത്തിയ പതാക പ്രയാണങ്ങളെ സംയുക്തമായി സ്വീകരിച്ച് പദയാത്രയായി തളിയക്കുളത്തിൽ പ്രത്യേകം ക്രമീകരിച്ച വേദിയിൽ സ്ഥാപിക്കുകയും ചെയ്തു.

2. **തളിയക്കുളത്തിലെ നവീകരിച്ച കപ്പേള വെഞ്ചിരിപ്പ്**

തീർത്ഥ കേന്ദ്രത്തിൽ മാമോദീസ നൽകപ്പെടുന്നതും അൽഭുത പ്രവർത്തനകേന്ദ്രവുമായ തളിയക്കുളത്തിനോടനുബന്ധിച്ചുള്ള നവീകരിച്ച കപ്പേളയുടെ ആശീർവാദ കർമ്മം തീർത്ഥകേന്ദ്രം റെക്ടറുംനിയുക്ത ആർച്ച് പ്രീസ്റ്റുമായ ഫാ. വർഗീസ് കരിപ്പേരി നിർവഹിച്ചു. സഹവികാരി ഫാ. അനു ചാലിൽ, ഫാ. ജെയിംസ് ചെറുവത്തൂർ എന്നിവർ കാർമ്മികരായി.



3. **വ്രതാരംഭ കൂട്ടായ്മ**

ആധുനിക കാലഘട്ടത്തെ ജീവിതത്തിൽ ആ ഒരു ആത്മ പരിശോധനയായി നോമ്പുകാലഘട്ടം മാറണമെന്നും ജീവിത വിശുദ്ധി വരുത്താൻ ഈ സമയം പ്രയോജനപ്പെടുത്തണമെന്നും തൃശ്ശൂർ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു. പാലയൂർ മാർ തോമ മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ വ്രതാരംഭ കൂട്ടായ്മക്ക് മുഖ്യകാർമികത്വം വഹിക്കുകയായിരുന്നു. പാലയൂർ മഹാ തീർത്ഥാടത്തിന് മുന്നോടിയായാണ് നോമ്പുകാല ആരംഭത്തിൽ തൃശ്ശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ വ്രതാരംഭ കൂട്ടായ്മ സംഘടിപ്പിച്ചിരിക്കുന്നത്. രാവിലെ മുതൽ അതിരൂപതയുടെ വിവിധ ഇടവകകളിൽ നിന്നും ധാരാളം ഭക്തജനങ്ങൾ തളിയകുളത്തിൽ കുളിച്ച് വ്രത വസ്ത്രം ധരിച്ച് പ്രാർത്ഥിച്ച് നോമ്പുകാല ചൈതന്യത്തോടെ ഇവിടെ നിന്നും തിരികെ പോയി.

4. **പാലയൂരിലേക്ക് ജാഗരണ തീർത്ഥാടകരായി ആയിരങ്ങളെത്തി**

വലിയ നോമ്പിലെ വെള്ളിയാഴ്ചകളിലെ ജാഗരണ തീർത്ഥാടനത്തിന് വിവിധ ഇടവകകളിൽ നിന്നുള്ളതിലും മുഖ്യ ജാഗരണ തീർത്ഥാടത്തിലുമായി ആയിരക്കണക്കിനു വിശ്വാസികളാണ് വെള്ളിയാഴ്ച വൈകുന്നേരം മുതൽ ശനിയാഴ്ച പുലർച്ചെ വരെയുള്ള സമയങ്ങളിൽ തീർത്ഥകേന്ദ്രത്തിൽ എത്തിചേർന്നത്. വെള്ളിയാഴ്ച രാത്രി 9 മണിക്ക് തൃശ്ശൂർ വ്യാകുല മാതാവിൻ ബസലിക്കയിൽ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് മഹാ തീർത്ഥാടനം ജനറൽ കൺവീനർ ഫാദർ ബിജു പാണേങ്ങാടന് പതാക കൈമാറി. മുഖ്യ ജാഗരണ തീർത്ഥാടനം ഫ്ളാഗ് ഓഫ് ചെയ്തു പാലയൂർ ഫൊറോനയിലേയും അതിരൂപതയിലെ വിവിധ ഇടവകകളിലേയും വൈദികരുടെ നേതൃത്തിൽ വിശ്വാസികൾ കുരിശിന്റെ വഴി പരിഹാര പ്രദക്ഷിണം നടത്തിയും ജപമാല ഉരുവിട്ടും വലിയ നോമ്പിന്റെ ചൈതന്യത്തിൽ തീർത്ഥകേന്ദ്രത്തിലെത്തി ചേർന്നു.

5. **ഏകദിന പ്രാർത്ഥനാ കൂട്ടായ്മകൾ**

ഫെബ്രുവരി 25 മുതൽ തളിയകുളകരയിലെ കപ്പേളയിൽ ഏകദിന പ്രാർത്ഥനാ കൂട്ടായ്മകൾ നടത്തപ്പെട്ടു. ഈ വർഷം ഓരോ ഫൊറോനകൾക്കാണ് ഓരോ ദിവസത്തെ പ്രാർത്ഥനാ കൂട്ടായ്മയുടെ നേതൃത്വം നൽകിയിരുന്നത്. രാവിലെ 9.30 മുതൽ 3.30 വരെയാണ് പ്രാർത്ഥനാ കൂട്ടായ്മകൾ നടത്തപ്പെട്ടത്.

**6. മാർതോമ ചൊവ്വാഴ്ചയാചരണം**

വലിയ നോമ്പുകാലത്തെ ചൊവ്വാഴ്ചയാചരണത്തിൽ ധാരാളം ഭക്തജനങ്ങൾ പങ്കെടുത്തു. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവും വികാരി ജനറാൾ മോൺ ജോസ് വല്ലൂരാന ച്ചനും വിവിധ ചൊവ്വാഴ്ചകളിൽ ദിവ്യബലിയർപ്പിച്ചു സന്ദേശം നൽകി. ഫാദർ സിന്റോ പൊന്തേക്കൻ ചൊവ്വാഴ്ചയാചരണത്തിന് നേതൃത്വം നൽകുന്നു.

**7. പാലയൂർ തീർത്ഥകേന്ദ്രത്തിന്റെ മുദ്രയുള്ള തപാൽ സ്റ്റാമ്പ് പുറത്തിറക്കി**

പാലയൂർ തീർത്ഥകേന്ദ്രത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥ കേന്ദ്രമായി ഉയർത്തിയതിന്റെ സ്മരണക്കായി തപാൽ വകുപ്പ് പുറത്തിറക്കിയ തപാൽ സ്റ്റാമ്പിന്റെ പ്രകാശന കർമ്മം തൃശ്ശൂർ അതിരൂപത മെത്രാപൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു

**8. മുപ്പെട്ടു ഞായർ സമൂഹമാമോദീസ**

ഏപ്രിൽ മുപ്പെട്ടു ഞായർ തിരുനാളും സമൂഹ മാമോദീസായും ഏപ്രിൽ 19 ഞായറാഴ്ചയാണ് നടത്തപ്പെടുന്നത്. അന്നേ ദിവസം മാർ തോമാശ്ലീഹായുടെ പുതുഞായർ തിരുനാളും ആചരിക്കുന്നു. തലേ ദിവസം ശനിയാഴ്ച വൈകീട്ട് ദണ്ഢ വിമോചന ശുശ്രൂഷകളും തിരുകർമ്മങ്ങളും ഉണ്ടായിരിക്കുന്നതാണ്.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
റെക്ടർ

# വിശ്വാസ പരിശീലനം

GO AND PREACH TO ALL THE NATIONS
THRISSUR CATECHETICAL CENTRE

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ എത്രയും സ്നേഹം നിറഞ്ഞ കുഞ്ഞുമക്കളേ,

എല്ലാവർക്കും സുഖമെന്ന് കരുതുന്നു. പരീക്ഷകളെല്ലാം നന്നായി എഴുതിയില്ലേ? പരീക്ഷകൾ കഴിഞ്ഞു എന്ന് കരുതി പ്രാർത്ഥന നിറുത്തരുത്. പരീക്ഷാഫലം വരുന്നതുവരെ പ്രാർത്ഥിക്കാനായി പിതാവ് നിങ്ങൾക്കൊരു വചനം പറഞ്ഞുതരാം. നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക, നിന്റെ പദ്ധതികൾ ഫലമണിയും (സുഭാ 16:3). ഈ വചനം ഹൃദ്യസ്ഥമാക്കി എപ്പോഴും പറഞ്ഞു പ്രാർത്ഥിക്കുക. പരീക്ഷകളൊക്കെ കഴിഞ്ഞ് നമ്മൾ അവധിക്കാലത്തേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. അവധിക്കാലമല്ലേ എന്ന് കരുതി സമയം നമ്മൾ അനാവശ്യമായി കളയരുത്. ഈ അവധി കാലഘട്ടം എങ്ങനെ നമുക്ക് ഫലപ്രദമായി ഉപയോഗിക്കാം എന്നതിനെകുറിച്ചാണ് ഈ കത്തിലൂടെ ഞാൻ നിങ്ങൾക്ക് പറഞ്ഞു തരാൻ പോകുന്നത്.

അവധിക്കാലം ഒരു വീണ്ടെടുപ്പിന്റെ കാലമാണ്. ഈശോയെ കാണാനായി വഴിയരികിൽ ഒരു മരത്തിൽ കയറി കാത്തിരുന്ന ഒരു മനുഷ്യനെ നമുക്കറിയാം. സക്കേവൂസ് എന്നായിരുന്നു ആ മനുഷ്യന്റെ പേര് (ലൂക്കാ 19: 1–10). തന്റെ ജീവിതശൈലിയിലൂടെ ദൈവത്തിന്റെ സാന്നിധ്യം നഷ്ടമാക്കിയ സക്കേവൂസ് യേശുവിനെ കാണാൻ കാത്തിരുന്നു.അവന്റെ ഉള്ളം അറിഞ്ഞ യേശു അവന്റെ വീട്ടിൽ പോകാൻ തയ്യാറായി. യേശു നൽകിയ രക്ഷ ആ ഭവനം സ്വന്തമാക്കി. യേശു അവനോട് പറഞ്ഞു, "ഇന്ന് ഈ ഭവനത്തിനു രക്ഷ കൈവന്നിരിക്കുന്നു" (ലൂക്കാ 19: 9). ഒരു പക്ഷേ നമ്മുടേതായ ജീവിത ശൈലികൊണ്ട് നമുക്കും യേശുവിന്റെ സാന്നിധ്യം ജീവിതത്തിൽ നിന്ന് നഷ്ടപ്പെട്ടു പോയിട്ടുണ്ടാകാം. പഠിപ്പ്, പരീക്ഷ, ട്യൂഷൻ, കളി തുടങ്ങിയവയുടെ ആധിക്യത്താൽ വി. ബലി അർപ്പിക്കാനും, ഈശോയെ സ്വീകരിക്കാനും, കുമ്പസാരിക്കാനും ലഭിച്ച അവസരങ്ങൾ നമ്മൾ നഷ്ടപ്പെടുത്തി കളഞ്ഞിട്ടുണ്ടാകാം.

കുടുംബ പ്രാർത്ഥനയിൽ തീക്ഷണത കുറവ് സംഭവിച്ചിട്ടുണ്ടാകാം. ഇങ്ങനെ നഷ്ടപ്പെട്ടുപോയ ഈശോയുടെ സാന്നിധ്യം വീണ്ടെടുക്കാനുള്ള കാലഘട്ടമാണ് ഈ അവധികാലം. എല്ലാ ദിവസവും ദേവാലയത്തിൽ വി. ബലിയിൽ പങ്കുകൊണ്ടും, ഈശോയെ സ്വീകരിച്ചും, കുമ്പസാരിച്ചൊരുങ്ങിയും, വചനം വായിച്ചും, കുടുംബ പ്രാർത്ഥനയിൽ ഭക്തിപൂർവ്വം പങ്കുകൊണ്ടും നഷ്ടപ്പെടുപോയ ഈശോയുടെ സാന്നിധ്യം ഈ അവധികാലത്ത് വീണ്ടെടുക്കാൻ പരിശ്രമിക്കണം. ഇടവകകളിൽ സംഘടിപ്പിക്കപ്പെടുന്ന ദൈവദർശൻ ക്യാമ്പുകൾ ഈശോയെ കണ്ടെത്തേനുള്ള അവസരങ്ങളാണ്. പത്താം ക്ലാസ്സ്, പ്ളസ്സ് ടു ക്ലാസ്സ് കഴിഞ്ഞവർ അതിരൂപതയിൽ സംഘടിപ്പിച്ചിരിക്കുന്ന ദൈവവിളി ക്യാമ്പിൽ (ആൺകുട്ടികൾക്ക് മൈനർ സെമിനാരിയിലും, പെൺകുട്ടികൾക്ക് ഡി.ബി.സി. എൽ.സി യിലും) പങ്കെടുത്ത് ജീവിതത്തിൽ ഈശോയുടെ സാന്നിധ്യം കണ്ടെത്തണം എന്ന് ഓർമ്മപ്പെടുത്തുന്നു.

അവധികാലം ഒരുക്കത്തിന്റെ കാലമാണ്. യേശു തന്റെ പരസ്യ ജീവിതം ആരംഭിക്കുന്നതിനുമുമ്പ് 40 ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചു. യേശു നാല്പത് ദിനരാത്രങ്ങൾ ഉപവസിച്ചു (മത്താ 4: 2). ഏതു കാര്യവും ചെയ്യുന്നതിനുമുമ്പും അതിനാവശ്യമായ ഒരുക്കം നടത്തുന്നത് ആവശ്യമാണ്. അടുത്ത അദ്ധ്യായന വർഷത്തിലേക്ക് നാം പ്രവേശിക്കുന്നതിനുമുമ്പും ഈ ഒരുക്കം നമ്മുക്കാവശ്യമാണ്. ഈ അവധികാലമെന്ന് പറയുന്നത് അടുത്ത അദ്ധ്യായന വർഷത്തിന്റെ ഒരുക്കകാലമാണ്. വിശ്രമത്തിനായി സമയം കണ്ടെത്തുക, ആദ്ധ്യാത്മിക ശക്തി പ്രാപിക്കുക, മാനുഷിക ബന്ധങ്ങളിൽ (മാതാപിതാക്കൾ, സഹോദരങ്ങൾ, കൂട്ടുകാർ, പാവപ്പെട്ടവർ, പൊതുസമൂഹത്തിൽ ഉള്ളവർ) വളരാൻ പരിശ്രമിക്കുക, മൊബൈൽ കളികളും ടി.വി. കാണലും മാത്രമാകാതെ നമ്മിലെ കലാ–കായിക–സാഹിത്യ കഴിവുകൾ കണ്ടെത്തി അതിൽ വളരാൻ പരിശ്രമിക്കുക എന്നീ കാര്യങ്ങൾ ഈ ഒരുക്കകാലത്ത് നമ്മുക്ക് ചെയ്യാവുന്നതാണ്. അതിനോടൊപ്പം തന്നെ അടുത്ത വർഷം നമ്മൾ പഠിക്കാൻ പോകുന്ന ക്ളാസ്സിലെ വിഷയങ്ങൾ പരിചയപ്പെടുക, അതിനെപ്പറ്റി കൂടുതൽ വായിച്ചറിയുക, നമ്മുടേതായ രീതിയിൽ കുറിപ്പുകൾ തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങൾകൂടി ചെയ്യാൻ നമ്മൾ സമയം കണ്ടെത്തണം. കഴിഞ്ഞ വർഷം ഒരുപാട് കാര്യങ്ങൾ നമ്മൾ പഠിച്ചിട്ടുണ്ടാകും. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ ഏത്? അടുത്ത വർഷത്തേക്ക് നമ്മൾ ഓർത്തിരിക്കേണ്ടതും പഠിക്കേണ്ടതുമായ കാര്യങ്ങൾ ഏതൊക്കെ എന്ന് കണ്ടെത്തി കുറിച്ചുവയ്ക്കുന്നത് നല്ലതാണ്. പ്രത്രേകിച്ച് മാത്തമറ്റിക്സ്, സയൻസ് എന്നീ വിഷയങ്ങൾക്ക് ഇത് നമ്മെ സഹായിക്കും. എല്ലാ ദിവസവും ഒരു മണിക്കൂർ ഇത്തരം കാര്യങ്ങൾ ചെയ്യാൻ നമ്മൾ

മാറ്റിവെച്ചാൽ അടുത്ത വർഷത്തെ പഠനത്തിന് അത് ഏറെ നമ്മെ സഹായിക്കും.

അവധികാലം തയ്യാറെടുപ്പിന്റെ കാലമാണ്. ലോകത്തെല്ലായിടത്തും നമ്മുടെ നാട്ടിലും കോവിഡ് 19(കൊറോണ) എന്ന പകർച്ചാവ്യാധി പിടിപ്പെട്ടു. ഈ രോഗം മൂലം മരണപ്പെട്ടവർക്കുവേണ്ടിയും ക്ലേശങ്ങൾ അനുഭവിക്കുന്നവർക്കുവേണ്ടിയും ഇവരെ ശുശ്രൂഷിക്കുന്നവർക്കുവേണ്ടിയും നിങ്ങൾ പ്രത്രേകം പ്രാർത്ഥിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ രോഗ വ്യാപനത്തെ തടയാൻ ആരോഗ്യവകുപ്പും സമയും നൽകുന്ന നിർദേശങ്ങൾ നിർബന്ധമായും നിങ്ങൾ പാലിക്കണം. ഈ സാഹചര്യത്തിൽ കുട്ടികളായ നിങ്ങൾ ചിന്തിക്കേണ്ട ചില കാര്യങ്ങളുണ്ട്. എന്തുകൊണ്ട് ഇത്തരം രോഗങ്ങൾ പടർന്ന് ഒരു വലിയ പകർച്ചാവ്യാധിയായി മാറുന്നു? എന്തുകൊണ്ട് നമ്മുടെ നാട്ടിലെ താപനില കൂടിവരുന്നു? ജലക്ഷാമം രൂക്ഷമാകുന്നു? എന്തുകൊണ്ട് കുട്ടികളായ നിങ്ങളിലടക്കം ക്യാൻസർ രോഗം കണ്ടുവരുന്നു? ഒരു തയ്യാറെടുപ്പ് അടിയന്തിരമായി നമ്മൾ നടത്തേണ്ടതുണ്ട്. വ്യക്തിശുചിത്വവും, പ്രകൃതി സംരക്ഷണവും, വിഷവും മായവും ഇല്ലാത്ത ഭക്ഷണ സാധനങ്ങൾക്കായുള്ള ഒരു അടുക്കളത്തോട്ടവും ഈ തയ്യാറെടുപ്പിന്റെ ഭാഗമായി നമ്മൾ കാണണം. അവധികാലം ഇതിനായി നമ്മൾ ഉപയോഗപ്പെടുത്തണം.

വി. പൗലോസ് ശ്‌ളീഹാ തെസലോനിക്കയിലെ സഭക്കെഴുതിയ ആദ്യ ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു.  നിങ്ങളോരോരുത്തരും സ്വന്തം ശരീരത്തെ വിശുദ്ധിയിലും മാന്യതയിലും കാത്തുസൂക്ഷിക്കേണ്ടതെങ്ങനെയാണെന്ന് അറിയണം (1 തെസ 4:4). നമ്മുടെ ശരീരത്തിന്റെ ആന്തരിക വിശുദ്ധിയോടൊപ്പം ബാഹ്യമായ വിശുദ്ധികൂടി കാത്തുസൂക്ഷിക്കണമെന്ന് പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ വ്യക്തിശുചിത്വം വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ വീടും, മുറിയും, പരിസരങ്ങളുമെല്ലാം നന്നായി വൃത്തിയാക്കാൻ നമ്മൾ സമയം കണ്ടെത്തണം.

സൃഷ്ടിയുടെ മകുടമായ മുഷ്യനെ സൃഷ്ടിച്ച ദൈവം അവന് ഒരു ചുമതലകൂടി നൽകി.  എദൻ തോട്ടം കൃഷിചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി (ഉൽ 2:15). പ്രകൃതിയെ സംരക്ഷിക്കാനും പ്രകൃതിയിൽ കൃഷിചെയ്യാനും ദൈവം മനുഷ്യനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രകൃതിയിൽ മരങ്ങൾ നട്ടുപിടിപ്പിക്കാനും വീട്ടിലേക്ക് ആവശ്യമായ പച്ചകറികൾ അടുക്കളതോട്ടം വഴി ഉൽപാദിപ്പിച്ചെടുക്കാനും ഈ അവധികാലത്ത് സമയം കണ്ടെത്തണം. കൊറോണ പോലുള്ള പകർച്ചാവ്യാധികൾ ഇനി ഉണ്ടാകാതിരിക്കട്ടെ. സന്തുലിതമായ കാലാവസ്ഥക്കായി നമുക്ക് പ്രകൃതിയെ

ഒരുക്കാം. വിഷവും മായവും ഇല്ലാത്ത പച്ചകറികൾ ഉൽപാദിപ്പിച്ചെടുക്കുന്ന അടുക്കള തോട്ടങ്ങൾ നമുക്ക് സൃഷ്ടിച്ചെടുക്കാം. ഞാൻ വീണ്ടും നിങ്ങളെ ഓർമ്മിപ്പിക്കുന്നു ഈ അവധികാലം തയ്യാറെടുപ്പിന്റെ കാലമാണ്. ചെറുത്തുനിൽപ്പിനായുള്ള തയ്യാറെടുപ്പിന്റെ കാലം.

പ്രിയമുള്ള കുട്ടികളെ ഈ അവധികാലം വീണ്ടടെപ്പിന്റെയും ഒരുക്കത്തിന്റെയും തയ്യാറെടുപ്പിന്റെയും കാലമാകട്ടെ. നിങ്ങൾക്കേവർക്കും ഫലപ്രദമായ ഒരു അവധികാലം ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ വത്സല പിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

കഴിഞ്ഞ അധ്യയനവർഷം വിശ്വാസപരിശീലനം വിജയകരമായി പൂർത്തിയാക്കിയ എല്ലാവരേയും അഭിനന്ദിക്കുന്നു. ക്രിസ്തുവിനോട് ചേർന്നു നിൽക്കുവാൻ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന ബഹു. വൈദികർക്കും സമർപ്പിതർക്കും വിശ്വാസപരിശീലകർക്കും മാതാപിതാക്കന്മാർക്കും ഹൃദയം നിറഞ്ഞ കൃതജ്ഞത. വാർഷിക പരീക്ഷകൾ കൃത്യമായി നടത്തുന്നതിന് സഹായിച്ചവർക്കും മൂല്യനിർണ്ണയത്തിൽ പങ്കെടുത്തവർക്കും പ്രത്യേകം നന്ദി. എല്ലാവർക്കും ദൈവാനുഭവം നിറഞ്ഞ വിശുദ്ധവാരം പ്രാർത്ഥനാപൂർവ്വം നേരുന്നു.

1. **Std. XII, ACC വാർഷിക പരീക്ഷാഫലം**

   **Std. XII & ACC** പരീക്ഷാഫലം ഏപ്രിൽ 18 ന് അതിരൂപതാ വിശ്വാസ പരിശീലനകേന്ദ്രത്തിന്റെ Blog-ൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസിദ്ധീകരിക്കുമ്പോൾ ബഹു. വികാരിമാരെയും പ്രിൻസിപ്പൽമാരെയും **SMS** വഴി അറിയിക്കുന്നതാണ്.

   **Blog Address:** http://catechismtrichur.blogspot.in

2. **SMCC പ്രതിഭാസംഗമം Std. VII**

   SMCC പ്രതിഭാസംഗമത്തിനുള്ള 7–ാം ക്ലാസ്സിലെ കുട്ടികൾക്കുള്ള അതിരൂപതാതല പരിശീലനക്യാമ്പ് ഏപ്രിൽ 28, 29, 30 തിയതികളിൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ച് നടത്തുന്നതാണ്.

ക്യാമ്പിൽ പങ്കെടുക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ പ്രിൻസിപ്പൽ മുഖേന വിശദവിവരങ്ങൾ അറിയിക്കുന്നതാണ്. ക്യാമ്പിന്റെ പ്രയോജനവും ഗൗരവവും കുട്ടികളെ ധരിപ്പിച്ച് ക്യാമ്പിന് പറഞ്ഞയയ്ക്കുമല്ലൊ. ഈ ക്യാമ്പിൽനിന്നുമാണ് സഭാകേന്ദ്രമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മെയ് 16, 17, 18 തിയതികളിൽ നടത്തുന്ന ക്യാമ്പിൽ പങ്കെടുക്കാൻ മൂന്ന് ആൺകുട്ടികളേയും മൂന്ന് പെൺകുട്ടികളേയും തെരഞ്ഞെടുക്കുന്നത്.

3. **Std. XII & ACC ഉത്തരക്കടലാസ്സ് പുനർ മൂല്യനിർണ്ണയം**
   പരീക്ഷാഫലം പ്രസിദ്ധീകരിച്ചശേഷം ഉത്തരക്കടലാസ്സുകൾ വീണ്ടും മൂല്യനിർണ്ണയം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർ അപേക്ഷ നൽകേണ്ട അവസാന തിയതി ഏപ്രിൽ 22 ആണ്. ഫീസ് Rs. 100/-. ആവശ്യമുള്ള വിവരങ്ങൾ സഹിതം (രജിസ്റ്റർ നമ്പർ, ഫോൺ നമ്പർ) വിദ്യാർത്ഥി വെള്ളക്കടലാസ്സിൽ അപേക്ഷയെഴുതി ബഹു. വികാരിയച്ചന്റെയും പ്രിൻസിപ്പലിന്റെയും ശിപാർശയോടുകൂടി വിശ്വാസപരിശീലനഓഫീസിൽ നൽകണം.
4. **Std. XII & ACC Re-Examination - May 9, 2020 Saturday**
   2020 ഫെബ്രുവരിയിലെ **Std. XII & ACC** വാർഷികപരീക്ഷയിൽ തോറ്റവർക്കും പ്രസ്തുത പരീക്ഷയ്ക്ക് ഹാജരാകാൻ സാധിക്കാതിരുന്നവർക്കും, മാർക്കിൽ Improvement വേണമെന്നുള്ളവർക്കും വീണ്ടും പരീക്ഷയെഴുതാം. പരീക്ഷക്ക് വിശ്വാസപരിശീലനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി മെയ് 5 ആണ്. രജിസ്ട്രേഷനു നിശ്ചിത ഫോം വിശ്വാസപരിശീലന ബ്ലോഗിൽ ഡൗൺലോഡ്സിൽ പബ്ലിഷ് ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് Rs. 100/-

   **പരീക്ഷാവിവരങ്ങൾ:**

   | | | |
   |---|---|---|
   | തിയതി | : | 2020 മെയ് 09 |
   | ദിവസം | : | ശനി |
   | സമയം | : | 01.30 PM - 04.30 PM |
   | സ്ഥലം | : | **St. Clare's CGHSS, Thrissur** |

5. **Sunday Catechism Scholarship Examination**
   **23rd May 2020, Saturday 02 pm - 04 pm**
   പരീക്ഷയ്ക്ക് അർഹരായ വിദ്യാർത്ഥികളുടെ പേര് വിവരങ്ങൾ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. കൂടാതെ വിശ്വാസപരിശീലനസോഫ്റ്റ് വെയറിൽ നിന്നും അറിയാവുന്നതാണ്.

*Examination Centres:*

| | |
|---|---|
| 1. Cherpu | St. Antony's Church |
| 2. Eravu | St. Theresa's Church |
| 3. Pavaratty | St. Joseph's Church |
| 4.Thalore | Infant Jesus Church |
| 5.Thrissur | St. Mary's UPS, Lourdes Cathedral |
| 6.Thrissur | Mathanikethan, Thrissur Dolours Basilica |
| 7.Wadakkanchery | St. Francis Xavier's Forane Church |

**പ്രത്യേകപുസ്തകം (Additional Portion)**

ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷക്ക് 'പ്രത്യേകപുസ്തകം' താഴെ പറയുന്നവയാണ്.

for Std. IV വി. ലൂക്കാ 1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ

for Std. V വി. മർക്കോസ് 1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ

for Std. VI വി. മത്തായി 1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ

for Std. VII വി. യോഹ 1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ

Stds. VIII - XI വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് പ്രത്യേകപാഠ്യഭാഗം 'കത്തോലിക്കാസഭ' പത്രത്തിന്റെ 2019 ഒക്ടോബർ മുതൽ 2020 ഫെബ്രുവരി ഉൾപ്പെടെയുള്ള ലക്കങ്ങളിലെ 'ദർശനം' എന്ന പേജ്.

ഞായറാഴ്ച വിശ്വാസപരിശീലന സ്കോളർഷിപ്പ് പരീക്ഷക്കുള്ള ഹാൾടിക്കറ്റുകൾ പരീക്ഷക്ക് 5 ദിവസം മുമ്പുമുതൽ വിശ്വാസപരിശീലന സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുക്കാവുന്നതാണ്.

**6. പ്രിൻസിപ്പൽമാർ, യൂണിറ്റ് സെക്രട്ടറിമാർ, കമ്പ്യൂട്ടർ ഓപ്പറേറ്റർമാർ എന്നിവരുടെ സംയുക്ത യോഗം**

**2020 ഏപ്രിൽ 26 ഞായർ**

02.00 PM - 4.30 PM വരെ പ്രിൻസിപ്പൽമാരുടേയും യൂണിറ്റ് സെക്രട്ടറിമാരുടേയും കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടേയും സംയുക്ത യോഗം വിശ്വാസപരിശീലന കേന്ദ്രത്തിൽ ഉണ്ടായിരിക്കും.

**7. Basic CTC Course**

അവധിക്കാലത്ത് താഴെപ്പറയുന്ന തിയതികളിൽ **Basic CTC** നടത്തുന്നതാണ്. **April 24 Friday 5PM - 26 Sunday 4PM**

**May 8 Friday 5PM - 10 Sunday 4PM**

അതിരൂപതയിലെ വിശ്വാസപരിശീലകരെല്ലാം Catechists Training Course-ൽ നിർബന്ധമായും പങ്കെടുത്തിരിക്കണം. സി.ടി.സി. കോഴ്സിൽ പങ്കെടുക്കേണ്ട വിശ്വാസപരിശീലകരെ വിശ്വാസപരിശീ

ലനസോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്ത തിനുശേഷം രജിസ്ട്രേഷൻ ഫീസ് (ഒരംഗത്തിനു 250 രൂപ) വിശ്വാ സപരിശീലന ഓഫീസിൽ 5 ദിവസത്തിനകം അടക്കേണ്ടതാണ്. അല്ലാത്തപക്ഷം രജിസ്ട്രേഷൻ അസാധുവാകുന്നതാണ്.

**8. അധ്യാപകർക്കുള്ള ദ്വിദിന കൺവെൻഷൻ**

ഞായറാഴ്ച വിശ്വാസപരിശീലന അധ്യാപകർക്കുള്ള ദ്വിദിന കൺവെൻഷൻ ജറുസലെം ധ്യാനകേന്ദ്രത്തിൽ വെച്ച് മെയ് 30, 31 (ശനി. ഞായർ) തിയ്യതികളിൽ നടത്തുന്നു. ഫൊറോനാതലത്തിലെ അർദ്ധദിനസെമിനാറും അതിരൂപതാതലത്തിലെ ഏകദിന സെമിനാറുകളും ഈ വർഷം ഉണ്ടായിരിക്കുന്നതല്ല. അതിനുപകരമാണ് ഈ വർഷം കൺവെൻഷൻ ഏർപ്പെടുത്തിയിരിക്കുന്നത്. കൺവെൻഷനിൽ പങ്കെടുക്കുന്നവർക്കുള്ള സർട്ടിഫിക്കറ്റ് സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപ. ഈ ദിവസങ്ങളിൽ ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്.

**കൺവെൻഷൻ വിവരങ്ങൾ**

| | |
|---|---|
| തിയതി : | 2020 മെയ് 30, 31 |
| ദിവസം : | ശനി, ഞായർ |
| **സമയം** | |
| ശനി: | 09.30 AM - 04.30 PM |
| ഞായർ: | 09.30 AM - 03.30 PM |
| സ്ഥലം : | ജറുസലെം ധ്യാനകേന്ദ്രം. |

എല്ലാ വിശ്വാസപരിശീലകരും കൺവെൻഷനിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പങ്കാളിത്തം അവാർഡുകൾക്കും മറ്റും പരിഗണിക്കുന്നതാണ്. വിശ്വാസപരിശീലകർക്ക് ഒരുമിച്ച് വന്നുപോകുന്നതിനുള്ള വാഹനസൗകര്യം ഏർപ്പെടുത്തുന്നത് യാത്രക്ലേശം ഒഴിവാക്കാൻ സഹായിക്കും. കൂടുതൽ അഭികാമ്യമാണ്. കൂടുതൽ വിവരങ്ങൾ പ്രിൻസിപ്പൽമാരിൽ നിന്നും ഫൊറോന പ്രമോട്ടറിൽ നിന്നും ലഭിക്കും.

**9. പാഠപുസ്തകങ്ങളെ കുറിച്ചുള്ള അറിയിപ്പ്**

ഞായർ വിശ്വാസപരിശീലനം 1–ാം ക്ലാസ്സുമുതൽ 12–ാം ക്ലാസ്സുവരെയുള്ള പാഠപുസ്തകങ്ങൾക്ക് 2020-21 അധ്യയനവർഷത്തിൽ മാറ്റമില്ല. ACC–ക്ക് രണ്ടാമത്തെ സിലബസ്സ് ആണ് പഠിപ്പിക്കേണ്ടത്. (YOUCAT, ഉപപാഠം: രണ്ടാം വത്തിക്കാൻ കൗൺസിലിന് ഒരു ആമുഖം, ജീവിതവും ലൈംഗികതയും, ന്യൂനപക്ഷാവകാശങ്ങൾ എന്നിവ)

**10. റിട്ടയർ ചെയ്യുന്ന വിശ്വാസപരിശീലകർക്കും സ്ഥാനമൊഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി**

65 വയസ്സു പൂർത്തിയാക്കി വിശ്വാസപരിശീലനത്തിൽനിന്ന് വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും പ്രിൻസിപ്പൽ സേവനത്തിൽ നിന്നും ഒഴിയുന്ന പ്രിൻസിപ്പൽമാർക്കും സവിശേഷമായ നന്ദി രേഖപ്പെടുത്തുന്നു. വിശ്വാസപരിശീലനത്തിൽ അർപ്പണബോധത്തോടെ അവർ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. അവർക്ക് ദൈവാനുഗ്രഹം ധാരാളമായി ലഭിക്കട്ടെയെന്നും വ്യത്യസ്ത തലങ്ങളിലുള്ള സഭാസേവനം തുടരുന്നതിന് അവരെ പ്രാപ്തരാക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു. **പ്രത്യേകമായി കഴിഞ്ഞ വർഷവും ഈ വർഷവും വിശ്വാസപരിശീലനത്തിൽനിന്നും വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകരുടേയും പേര്, ഇടവക, അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ മെയ് 5-ാം തിയതിക്കുമുമ്പായി വിശ്വാസപരിശീലനകേന്ദ്രത്തിൽ നൽകേണ്ടതാണ്.**

Fr. Royson Kollannur
Fr. Jikson Malokkaran
Fr. Justin Poozhikunnel
Asst. Directors

Fr. Francis Aloor
Director



# Institute of THEOLOGY

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

1. **B.A. in Theology and Religious Studies**
   ഞായറാഴ്ചകളിൽ 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ച കളിലും പൊതു അവധി ദിവസങ്ങളിലും 9:30AM മുതൽ  വരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്ന വർ  കൂടുതൽ വിവരങ്ങൾക്ക്  Institute of Theology Office മായി ബന്ധപ്പെടുക.
2. **Correspondence Theology Course**
   കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ഏപ്രിൽ 5, 26 എന്നീ ഞായറാഴ്ചകളിൽ 2PM മുതൽ 5 PM വരെ ആയിരി ക്കും.
3. **Six Month Theology Course**
   സിസ്റ്റേഴ്സിനു വേണ്ടിയുള്ള ആറുമാസത്തെ തിയോളജി കോഴ്സ് ജൂൺ മുതൽ ആരംഭിക്കും. മേരിമാതാ മേജർ സെമിനാരിയിൽ വച്ചാണ് നടത്തുന്നത്. താല്പര്യമുള്ള സിസ്റ്റേഴ്സ് Institute of Theology Office–ൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് അപേക്ഷിക്കുന്നു.
4. **Basic Theology Course**
   സന്യാസാർത്ഥിനികൾക്കുള്ള മൂന്നു മാസത്തെ ബേസിക് തിയോ ളജി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ സന്യാസാർത്ഥിനി കൾക്കു അഭിനന്ദനങ്ങൾ. ഈ കോഴ്സിൽ പങ്കെടുപ്പിക്കുന്നതിന് ഇവരെ പറഞ്ഞയച്ച സന്യാസിനീസമൂഹാധികാരികൾക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ




# മേരിമാത മേജർ സെമിനാരി

1. **സ്നേഹവിരുന്ന്**

   സെമിനാരിയുടെ അയൽകുടുംബങ്ങളിൽ നിന്നുള്ളവർക്കായി ഫെബ്രുവരി 16–ാം തിയ്യതി ഒരുക്കിയ സ്നേഹവിരുന്നിൽ 130 പേർ സംബന്ധിച്ചു. അയൽക്കാരുമായുള്ള സൗഹൃദവും പരിചയവും പുതുക്കാൻ അതിലൂടെ സെമിനാരി കുടുംബത്തിനു സാധിച്ചു.

2. **Comprehensive Examinations**

   ഈ അദ്ധ്യയനവർഷം ഫിലോസഫി പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ comprehensive written & oral പരീക്ഷകൾ യഥാക്രമം മാർച്ച് 2, 12 തിയ്യതികളിലായി നടന്നു. 42 പേരാണ് ഈ വർഷം തങ്ങളുടെ തത്വശാസ്ത്ര പഠനം പൂർത്തിയാക്കിയത്.

3. **ധ്യാനം**

   ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ ഡീക്കൻ പട്ടത്തിനും മറ്റു ചെറുപട്ടങ്ങൾക്കും ഒരുക്കമായുള്ള ധ്യാനം മാർച്ച് 13, 14, 15 തിയ്യതികളിലായി നടന്നു. തീക്ഷ്ണതയോടും പ്രാർത്ഥനയോടുംകൂടെ പട്ടങ്ങൾ സ്വീകരിക്കാൻ ഒരുങ്ങണമെന്ന് ധ്യാനം നയിച്ച ബഹു. ഫാ. സിജു കൊമ്പൻ ഓർമ്മിപ്പിച്ചു. മാർച്ച് 14, 15 തിയ്യതികളിലായി നടന്ന തത്വശാസ്ത്ര വിദ്യാർത്ഥികൾക്കായുള്ള ധ്യാനം നയിച്ചത് ബഹു. ഫാ. ജിജു കിലുക്കൻ Isch ആയിരുന്നു.

4. **ഉല്ലാസയാത്ര**

   മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾ തങ്ങളുടെ പരീക്ഷകളുടെ അവസാനം മാർച്ച് 13–ന് ബഹുമാനപ്പെട്ട ചാക്കോ നടക്കേവേലിയിലച്ചന്റെയും ഡേവിസ് കാവുങ്കലച്ചന്റെയും നേതൃത്വത്തിൽ ഉല്ലാസയാത്ര നടത്തി.

5. **അവധിക്കാലം**

   സെമിനാരി പരിശീലനത്തിന്റെ ഒരു അധ്യയനവർഷംകൂടി പിന്നിട്ട് സ്വന്തം രൂപതകളിലേക്കും സന്യാസഭവനങ്ങളിലേക്കും മാർച്ച് 15–ാം തിയ്യതി ബ്രദേഴ്സ് യാത്രതിരിച്ചു. തങ്ങളുടെ കുടുംബാംഗങ്ങളുടെയും

ഇടവകക്കാരുടെയും കൂടെയായിരുന്ന് പ്രായോഗിക അനുഭവങ്ങളും ബോധ്യങ്ങളും സുദൃഢമാക്കി മെയ് 30–ാം തിയ്യതി വീണ്ടും അവർ സെമിനാരിയിൽ തിരിച്ചെത്തും.

**7. ബേഴ്സ് സ്ഥാപിച്ചവർ**

**Patron Membership**

1. റവ. സിസ്റ്റർ പ്രൊവിൻഷ്യൽ, നവജ്യോതി പ്രൊവിൻഷ്യൽ ഹൗസ്, ഒളരിക്കര, തൃശ്ശൂർ.

**Benefactor Membership**

1. റവ. സിസ്റ്റർ ആഗ്നറ്റ് എഫ്. സി. സി., പ്രൊവിഡൻസ് എഫ്. സി. കോൺവെന്റ്, മരത്താക്കര, തൃശ്ശൂർ.

2. റവ. സിസ്റ്റർ സുപ്പീരിയർ, സെന്റ് സെബാസ്റ്റ്യൻ എഫ്. സി. കോൺവെന്റ്, ചിറ്റാട്ടുകര, തൃശ്ശൂർ.

3. ശ്രീമതി ഉഷ ജോസ്, എടക്കളത്തൂർ ഹൗസ്, പേരാമംഗലം, തൃശ്ശൂർ.

**Wellwisher Membership**

1. ശ്രീമതി എൽസി താഴത്തേടത്ത്, താഴത്തേടത്ത് ഹൗസ്, മാന്ദാമംഗലം, തൃശ്ശൂർ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# മൈനർ സെമിനാരി

**1. മാസ ധ്യാനം**

ഈ പരിശീലന വർഷത്തിലെ അവസാന മാസ ധ്യാനം മാർച്ച് 7, 8 തിയതികളിൽ നടന്നു. മൈനർ സെമിനാരിക്കാർക്ക് ബഹു. സിന്റോ തൊറയൻ അച്ചനും ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്ക് ബഹു. ഡിറ്റോ കൂള അച്ചനും ധ്യാനവിചിന്തനങ്ങൾ പങ്കുവെച്ചു.

**2. യാത്രയയപ്പുകൾ**

സ്തുത്യർഹമായ രീതിയിൽ മൈനർ സെമിനാരിയിൽ റീജൻസി കാലഘട്ടം പൂർത്തിയാക്കിയ ബ്രദർ ജിയോ ആലപ്പാട്ടിനും മൂന്നു വർഷത്തെ മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കി ഡിഗ്രി

പഠനത്തിനായി പോകുന്ന 14 വൈദിക വിദ്യാർത്ഥികൾക്കും ഫെബ്രുവരി 19–ന് സെമിനാരി കുടുംബം യാത്രയയപ്പ് നല്കി. മൈനർ സെമിനാരിക്ക് ബ്രദർ ജിയോ ചെയ്ത സേവനങ്ങൾ കൃതജ്ഞതയോടെ ഓർത്തുകൊണ്ട് ബഹു. അച്ചന്മാർ അദ്ദേഹത്തെ അഭിനന്ദിക്കുകയും ഭാവി ജീവിതത്തിന് ആശംസകളും പ്രാർത്ഥനകളും നേരുകയും ചെയ്തു. മൂന്നാംവർഷ വൈദിക വിദ്യാർത്ഥികൾ മൈനർ സെമിനാരി ജീവിത കാലഘട്ടത്തിൽ തങ്ങൾ സ്വീകരിച്ച ദൈവാനുഗ്രഹങ്ങളെ യോഗത്തിൽ ഹൃദയസ്പർശിയായി പങ്കുവെച്ചു. ബഹു. ഡൊമിനിക് തലക്കോടൻ അച്ചനും, ബഹു. മേജോ മരോട്ടിക്കലച്ചനും യോഗത്തിൽ സന്നിഹിതരായിരുന്നു.

**3. ജൂബിലി ആഘോഷം**

അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ സെക്രട്ടറി സി. ജെസി ഡൊമിനിക്കിന്റെ സന്യാസ സമർപ്പണത്തിന്റെ സിൽവർ ജൂബിലി സെമിനാരിയിൽ ആഘോഷിച്ചു. അഭിവന്ദ്യ തൂങ്കുഴി പിതാവ് വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു. ബഹു. ലിൻസൺ തട്ടിലച്ചൻ ജൂബിലി ആശംസകൾ നേർന്ന് സംസാരിച്ചു.

**4. പരീക്ഷകൾ**

ഒന്നാം വർഷ വൈദിക വിദ്യാർത്ഥികളുടെ പരീക്ഷകൾ മാർച്ച് 4 മുതൽ 16 ഉൾപ്പടെയുള്ള ദിവസങ്ങളിൽ നടന്നു. പ്ലസ് വൺ, പ്ലസ് ടു പഠിക്കുന്ന സെമിനാരിക്കാരുടെ പൊതുപരീക്ഷകൾ മാർച്ച് 10–ന് ആരംഭിച്ച് 25 –ന് സമാപിച്ചു.

**5. ഫാ. ജോസഫ് വടക്കേത്തല അനുസ്മരണം**

സെമിനാരി വിദ്യാർത്ഥികളുടെ സാമ്പത്തിക ആവശ്യങ്ങൾക്ക് മൈനർ സെമിനാരിയിൽ സ്ഥിരം സംവിധാനം ക്രമപ്പെടുത്തിയ ബഹു. ഫാ. ജോസഫ് വടക്കേത്തല അച്ചന്റെ നിര്യാണത്തിൽ സെമിനാരി സമൂഹം അനുശോചനം രേഖപ്പെടുത്തുകയും അച്ചന്റെ ആത്മശാന്തിക്കു വേണ്ടി വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

**6. ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. കെ. ജെ. ജോണി, കൊമ്പൻ ഹൗസ്, മനക്കൊടി.
2. ഡോ. ക്രിസ്റ്റോ ആട്ടോക്കാരൻ, മണ്ണുത്തി.
3. ശ്രീ. എ. ഐ. ജോർജ്ജ്, അന്തിക്കാടൻ ഹൗസ്, ഒളരിക്കര.
4. സെന്റ്. മേരീസ് ചർച്ച്, വെണ്ടൂർ ഇ/ീഫാ. ജോസ് തെക്കേക്കര, വികാരി.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി** Jr.
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

1. **ജാഗ്രതയാണ് വേണ്ടത്, ഉത്കണ്ഠയല്ല**

മനുഷ്യരിൽ നിന്നും മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പരക്കാവുന്ന വൈറസ് രോഗങ്ങളെ കൈകാര്യം ചെയ്യുന്നതിൽ ജാഗ്രതയാണ് വേണ്ടത്, ഉത്കണ്ഠയല്ലെന്ന് ഡോ. ശ്യാം കൊട്ടിലിൽ ഓർമ്മപ്പെടുത്തി. ആഗോളവ്യാപകമായി ഹെപ്പറ്റൈറ്റിസ് രോഗ ബാധയ്ക്ക് കാരണമാവുന്ന HCV 1b (എച്ച്.സി.വി. വൺ.ബി.) എന്ന വൈറസ് രോഗം ഉന്മൂലനം ചെയ്യുന്നതിന് നിരവധി ഏജൻസികളും വ്യക്തികളും സാമ്പത്തിക സഹായം ചെയ്യുന്നുണ്ട്. ഹെപ്പറ്റൈറ്റിസ് രോഗം 1975–ൽ ആദ്യമായി റിപ്പോർട്ട് ചെയ്തതു മുതൽ ആധുനിക ചികിത്സാരീതികൾ വരെ അമേരിക്കയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്തിലെ ഹ്യൂമൺ വൈറോളജി വിഭാഗം കോ.ഡയറക്ടർ ഡോ. ശ്യാം കൊട്ടിലിൽ ജൂബിലിയിൽ നടന്ന ഡോ. വാസുദേവൻ എൻഡോവ്മെന്റ് ഒറേഷനിൽ പ്രതിപാദിച്ചു. എച്ച്.സി.വി. വൈറസ്സ് വിവിധ ജനവിഭാഗങ്ങളുടെ ഇടയിൽ വ്യത്യസ്തമായി കാണ പ്പെടുന്നതും, ഇന്റർ ഫെറോ ചികിത്സ ഫലിക്കാതെ വരുന്ന അവസ്ഥ കളും ഇതിന്റെ ഗവേഷണത്തിൽ വെല്ലുവിളികളായിരുന്നു എന്ന് അദ്ദേഹം വെളിപ്പെടുത്തി. ഗ്ലോബൽ വൈറസ് നെറ്റ് വർക്ക് (GVN) വൈറസ് രോഗങ്ങളുടെ വ്യാപനം, തീവ്രത എന്നിവയിൽ ഗവേ ഷണ– ചികിത്സാ രംഗത്ത് നേതൃത്വം നൽകുന്നുണ്ട്.

ഡോ. ഡി. എം. വാസുദേവൻ എന്റോവ്മെന്റ് ഒറേഷൻ തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. വൈദ്യശാസ്ത്ര പഠന–ഗവേഷണ രംഗത്ത് അരനൂറ്റാണ്ട് പിന്നിട്ട ഡോ. ഡി. എം. വാസുദേവനെക്കുറിച്ചുള്ള പുസ്തകം ആർച്ച് ബിഷപ്പ് പ്രകാശനം ചെയ്തു. ജൂബിലി ഗവേഷണകേന്ദ്രം സയന്റിസ്റ്റ് ഡോ. കെസിയ കുരുവിള എഡിറ്റ് ചെയ്തതാണ് – 'A Gentle Man's Voyage' എന്ന പുസ്തകം. ജൂബിലി ഡയറക്ടർ ഫാ. ഫ്രാൻസിസ്

പള്ളിക്കുന്നത്ത് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. എൻഡോവ്മെന്റ് ഒറേഷനിൽ ജൂബിലി മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ ചെയർപേഴ്സൺ ആയിരുന്നു.

**2. ആരോഗ്യ പരിപാലനം പ്രധാനം**

സമൂഹസേവനം ചെയ്യുന്ന പോലീസുകാരുടെ ആരോഗ്യപരിപാലനം പ്രധാനമാണെന്ന് തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ആദിത്യ ഐ.പി.എസ്. അഭിപ്രായപ്പെട്ടു. അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്ക്സ് ആന്റ് ഗൈനക്കോളജി സൊസൈറ്റി ഓഫ് ഇന്ത്യ (FOGSI), തൃശ്ശൂർ ഒബ്സ്റ്റട്രിക്ക്സ് ആന്റ് ഗൈനക്കോളജി സൊസൈറ്റി (TOGS), കേരള പോലീസ് അസോസിയേഷൻ, കേരള പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ എന്നിവരുടെ സംയുക്ത ആഭിമുഖ്യത്തിൽ നടക്കുന്ന സ്ത്രീകളിലെ സ്തനാർബുദത്തിന്റേയും ഗർഭാശയ കാൻസറിന്റേയും സ്ക്രീനിങ്ങ് പരിശോധനകൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷത വഹിച്ചു.

**3. അഭിനന്ദനങ്ങൾ ആശംസകൾ ...**

ഗൈനക്കോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. നീത ജോർജ്ജ് ലഖ്നൗവിൽ നടന്ന അഖിലേന്ത്യാ ഗൈനക്കോളജി കോൺഫറൻസിൽ FICOG (Fellow of Indian College of Obstetricians & Gynecologists) ബിരുദം കരസ്ഥമാക്കി.

- ജെറിയാട്രിക് കെയറിലെ മികവിന് ഡബിൾ ഹെലിക്കൽ മാസികയുമായി സഹകരിച്ച് അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് (ഇന്ത്യ), കൺസോർഷ്യം ഓഫ് അക്രഡിറ്റഡ് ഹോസ്പിറ്റലുകൾ എന്നിവയിൽ നിന്ന് ഡോ. സ്റ്റീവ് പോളിന് ദേശീയ അവാർഡ് ലഭിച്ചു.
- ചങ്ങനാശ്ശേരിയിൽ വച്ചു നടന്ന ആനുവൽ സൗത്ത് ഇന്ത്യ നിയോനേറ്റൽ കോൺഫറൻസിൽ നിയോനെറ്റോളജി വിഭാഗത്തിലെ ഡോ. സി. വിജിലക്ക് റിസർച്ച് പേപ്പർ പ്രസന്റേഷനിൽ ഒന്നാം സ്ഥാനവും, ഡോ. മഹേഷ് കൃഷ്ണന് റിസർച്ച് പോസ്റ്റർ പ്രസന്റേഷനിൽ ഒന്നാം സ്ഥാനവും നേടി.
- ജനറൽ സർജറി വിഭാഗത്തിലെ ഡോ. അഭിജിത്ത് വൽസലൻ പ്ലാസ്റ്റിക് സർജറി 2020 യിലെ ഡോ. തോമസ് പനോസ മെമ്മോറിയൽ കെ.പി.എസ്.എ സ്വർണ്ണ മെഡൽ പരീക്ഷയിൽ രണ്ടാം റാങ്ക് നേടി.
- കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നടത്തിയ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ ഇന്റർ സോൺ ആർട്ട് ഫെസ്റ്റിലെ 'Bella Ciao' മലയാളം എലോക്യൂഷനിൽ 14–ാം

ബാച്ചിലെ മെഡിക്കൽ വിദ്യാർത്ഥിയായ അലീന മരിയ ജോസ് എ ഗ്രേഡോടെ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

- ലഖ്നൗവിൽ നടന്ന ഓൾ ഇന്ത്യ കോൺഗ്രസ്സ് ഓഫ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജിയിൽ (AICOG 2020) നടത്തിയ 'എക്സ്പാൻഡിംഗ് ഹൊറൈസൺസ് – എം.ഡി ഒ.ബി.ജി.ക്ക് ശേഷം എന്തു ചെയ്യണം' എന്ന പുസ്തകത്തിന് ഗൈനക്കോളജി വിഭാഗത്തിലെ പ്രൊഫസർ ഡോ. അശ്വത് കുമാറിന് 2019 ലെ മികച്ച ഫോഗ്സി പ്രസിദ്ധീകരണത്തിനുള്ള ഡി.സി ദത്ത അവർഡ് ലഭിച്ചു.

**4. ഡയാലിസിസിന് സംഭാവന നൽകിയവർ**

- റിയ ജിജി, അറക്കൽ ഹൗസ്, കിരാലൂർ, തൃശ്ശൂർ (14 ഡയാലിസിസ്)
- ഫാ. ജേക്കബ് തൈക്കാട്ടിൽ, പ്രീസ്റ്റ് ഹോം, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ (15 ഡയാലിസിസ്)
- ശ്രീമതി ജൂലി ജോസ്, ആളൂർ ഹൗസ്, ആർത്താറ്റ് പി. ഒ., തൃശ്ശൂർ (28 ഡയാലിസിസ്)

**5. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- സി. ജിഷ, സ്റ്റാഫ് നേഴ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ശ്രീമതി എലിസബത്ത്, തറയിൽ ഹൗസ്, മൈലിപ്പാടം, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ശ്രീ. നെൽവിൽ സി ജോൺ, കാന്റീൻ മാനേജർ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഫാ. ജേക്കബ് തൈക്കാട്ടിൽ, പ്രീസ്റ്റ് ഹോം, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




# ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

1. **ജ്യോതി സാങ്കേതിക സംവാദം** : ജ്യോതി എഞ്ചിനീയറിംഗ് കോളേജ് സിവിൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ തൃശൂർ പ്രസ്സ് ക്ലബ്ബ് ഹാളിൽ ഗാർഹിക മാലിന്യങ്ങളും , പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തിൽ സാങ്കേതിക സംവാദം നടത്തി. ആയതിന്റെ ഉദ്ഘാടനം കാമ്പസ്

ഹെഡ് ഫാ. റോയ് ജോസഫ് വടക്കൻ നിർവ്വഹിച്ചു. അക്കാദമിക്ക് ഡയറക്ടർ ഫാ. ഡോ. ജോസ് കണ്ണമ്പുഴ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ശുചിത്വ മിഷൻ മുൻ ഡയറക്ടർ അജയകുമാർ വർമ്മ, ഗാർഹിക ഖര–ജല മാലിന്യപ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തിലും, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിററി രജിസ്ട്രാർ ഡോ. സി. ഗിരിജ, വിവിധ രീതിയിലുള്ള കമ്പോസ്ററിങ്ങ് മാർഗ്ഗങ്ങളെക്കുറിച്ചും, ജ്യോതി സിവിൽ വിഭാഗം മേധാവി പ്രൊഫ. എസ്. രതീഷ് വീടും പരിസരവും മാലിന്യമുക്തമാക്കുന്നതിനുള്ള വിവിധ വശങ്ങളെക്കുറിച്ചും, ക്ലാസ്സെടുത്തു.

2. **ടെക് ഫെസ്ററ് (തരംഗ്)** : ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ടെക്ഫെസ്ററ് രണ്ട് ദിവസങ്ങളിലായി കോളേജിൽ വെച്ച് നടന്നു. ടാററ കൺസൽട്ടൻസി കമ്പനിയുടെ ബിസിനസ്സ് ഹെഡ് റോബിൻ ടോമി ഉദ്ഘാടനം ചെയ്തു. മോൺ തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു. കാമ്പസ് ഹെഡ് ഫാ. റോയ് ജോസഫ് വടക്കൻ, അക്കാദമിക് ഡയറക്ടർ ഫാ. ഡോ. ജോസ് കണ്ണമ്പുഴ, പ്രിൻസിപ്പാൾ ഫാ. ഡോ. ജെയ്സൺപോൾ മുളേരിക്കൽ സിഎംഐ, അഡ്മിനിസ്ട്രേററർ തോമസ് മാത്യു, കോളേജ് യൂണിയൻ ചെയർമാൻ ജോയൽ മാത്യു, വൈസ് ചെയർപേഴ്സൺ മേരി ജിത്തു എന്നിവർ സംസാരിച്ചു.

3. **റിബൂട്ട് – കേരള ഹാക്കത്തോൺ ജ്യോതി ജേതാക്കൾ** : ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (അസാപ്) നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച് കേരള റിബ്യൂട്ട് ഹാക്കത്തൺ 2020" സാങ്കേതിക വൈജ്ഞാനിക രംഗത്തെ യുവതികളുടെ നൂതന ആശയങ്ങളുടെ മത്സരത്തിലാണ് ജ്യോതി ജേതാക്കളായത്. ജ്യോതിയിലെ അമൽടോമും സംഘവും റവന്യൂ വകുപ്പിനായി നെൽവയൽ നീർത്തട നിയമത്തിന്റെ അടിസ്ഥാനത്തിൽ സാററലൈററ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന വൈബ്സൈററാണ് ഡിസൈൻ ചെയ്തത്. ഈ സാങ്കേതിക വിദ്യയിലൂടെ പൊതുജനങ്ങൾക്ക് പ്രശ്നബാധിത സ്ഥലങ്ങളുടെ ഫോട്ടോ സഹിതം ഉദ്യോഗസ്ഥരെ അറിയിക്കാൻ സാധിക്കുന്ന അവസരവും, ഉദ്യോഗസ്ഥർക്ക് പ്രശ്നങ്ങൾക്ക് മറുപടിയും നൽകാനുള്ള സൗകര്യവുമുണ്ട്. ഈ വൈബ്സൈററിനാണ് ഒന്നാം സ്ഥാനം ലഭിച്ചത്. അമ്പതിനായിരം രൂപയാണ് പ്രൈസ് മണി.

**ഫാ. റോയ് വടക്കൻ**
സെക്രട്ടറി & അസി. മാനേജർ

**മോൺ തോമസ് കാക്കശ്ശേരി**
മാനേജർ



## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്),തൃശൂർ

1. **സെന്റ് തോമാസിൽ തുണിസഞ്ചി വിപ്ലവം**
സെന്റ് തോമാസ് കോളേജിൽ പ്ലാസ്റ്റിക്ക് നിരോധനത്തിന്റെ ഭാഗമായി 'സ്വച്ഛത പക്വാട' ഉൾപ്പെടുത്തി കുട്ടികളുടെ വീടുകളിലെ കട്ടിയുള്ള പഴയ വസ്ത്രങ്ങൾ ശേഖരിച്ച് തുണി സഞ്ചി തയ്ച്ച് സൗജന്യമായി വിതരണം നടത്തി കലാലയത്തിൽ തുണി സഞ്ചി വിപ്ലവം സൃഷ്ടിച്ചു. കുട്ടികൾ തുണി സഞ്ചി നിർമ്മാണത്തിന് നേതൃത്വം നൽകി.
2. **സെന്റ് തോമാസിന് പത്മശ്രീ തിളക്കം കൂടി**
ഈ വർഷം പത്മശ്രീ നേടിയ ഡോ. പ്രദീപ് റ്റി. സെന്റ് തോമാസ് കോളേജിലെ പൂർവ്വ വിദ്യാർത്ഥിയായിരുന്നു. അദ്ദേഹം തന്റെ അദ്ധ്യാപകനായിരുന്ന പ്രൊഫ. കെ.പി ആന്റണിയുടെ പേരിൽ എൻഡോവ്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. കോളേജിന്റെ ഏതാവശ്യത്തിനും വിനയപൂർവ്വം സഹായം നൽകുന്ന പ്രദീപ് സാറിന്റെ പത്മശ്രീ ബഹുമതിയിൽ കോളേജ് അഭിമാനിക്കുന്നു.
3. **സെന്റ് തോമാസ് കോളേജിൽ ദേശീയ സെമിനാറുകൾ**
രസതന്ത്രവിഭാഗം കറന്റ് ടോപിക്സ് ഇൻ മെറ്റീരിയൽ സയൻസ് ആൻഡ് സ്പെക്ട്രോസ്കോപ്പി എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു. എക്സിക്യൂട്ടിവ് മാനേജർ ഫാ. വർഗീസ് കൂത്തൂർ ഉദ്ഘാടനം ചെയ്ത യോഗത്തിൽ, പൂനെ നാഷണൽ കെമിക്കൽ ലാബോറട്ടറിയിലെ ശാസ്ത്രജ്ഞൻ ഡോ. പി.എ. ജോയ് നാനൊഫ്ളൂയിഡ് എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഡോ. സുബൈയ്യ അൽപപ്പെൻ, പ്രൊഫ. മഹേഷ് ഹരിഹരൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു.
4. **സെന്റ് തോമാസ് കോളേജിൽ അന്താരാഷ്ട്ര സെമിനാർ/ വർക്ക്ഷോപ്പ്**
ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര ഏകദിന കോൺഫ്രൻസോടുകൂടിയ വർക്ക്ഷോപ്പ് നടത്തി. അമേരിക്കയിലെ കണക്റ്റികട്ട് സർവ്വകലാശാല പ്രൊഫ. കാതറിൻ മിയർസം, ഹിന്ദു ബനാറസ് സർവ്വകലാശാല പ്രൊഫ. പ്രദോഷ്കുമാർ മിശ്ര, പ്രൊഫ. സുരേഷ് കെ നായർ എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഇന്ത്യയി

ലെ വിവിധ സർവ്വകലാശാല ഗവേഷണ വിദ്യാർത്ഥികൾ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും സെമിനാറിൽ പങ്കെടുത്തു. ജില്ലയിലെ 30 ഹയർസെക്കൻഡറി വിദ്യാർത്ഥികൾ വർക്ക്ഷോപ്പിൽ പങ്കെടുത്തു.

5. **കൊളീജിയം**

ഇന്ത്യൻ ഭരണഘടനയും വർത്തമാന കാല ഇന്ത്യയുടെ വെല്ലുവിളികളും എന്ന വിഷയത്തിൽ കൊളീജിയം നടത്തി. പ്രമുഖ പത്രപ്രവർത്തകൻ അമിത് സെൻ ഗുപ്ത, കാർട്ടൂണിസ്റ്റ് ഇ.പി ഉണ്ണി എന്നിവർ കൊളീജിയത്തിൽ മുഖ്യപ്രഭാഷണം നടത്തി. മാനേജർ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് മാനേജർ ഫാ. വർഗ്ഗീസ് കൂത്തൂർ, പ്രിൻസിപ്പാൾ ജോയ് കെ.എൽ, ഡോ. ജോബി തോമസ് കെ, ഡോ. സി.എസ് ബിജു, ഡോ. ജെൻസി തോമസ് എന്നിവർ സംസാരിച്ചു.

6. **അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും യാത്രയയപ്പ്**

ദീർഘകാലം സേവനം ചെയ്ത 7 അംഗങ്ങൾക്ക് യാത്രയയപ്പ് നൽകി. പാട്രൻ മാർ ആൻഡ്രൂസ് താഴത്ത്, മാനേജർ മാർ ടോണി നീലങ്കാവിൽ വിരമിക്കുന്നവരുടെ സേവനങ്ങളെ അനുസ്മരിച്ച് നന്ദി രേഖപ്പെടുത്തി. ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, ഡോ. ഫ്രാൻസി കാക്കശ്ശേരി, പ്രൊഫ. വിൻസെന്റ് ജോസഫ് പുലിക്കോട്ടിൽ, ഡോ. പോൾ ജോസ് എന്നീ അദ്ധ്യാപകർക്കും ശ്രീ ജോയ് സി.സി, ശ്രീ ചാക്കോച്ചൻ, ശ്രീ എ.പി. തോംസൺ എന്നീ അനദ്ധ്യാപകർക്കും കോളേജ് യാത്രാമംഗളങ്ങൾ നേർന്നു. ദേശീയ അത്‌ലറ്റ് കുമാരി ആൻസി സോജനെ ചടങ്ങിൽ ആദരിച്ചു. വിദ്യാർത്ഥികളുടെ കലാപരിപാടികൾ ഉണ്ടായിരുന്നു.

7. **ഫുട്ബോളിൽ മികച്ച വിജയം**

കൊല്ലത്തു നടന്ന റ്റി കെ എം ഐ എം ചെയർമാൻ എവർറോളിംഗ് ഫുട്ബോൾ ട്രോഫിക്ക് വേണ്ടി നടന്ന മത്സരത്തിൽ കോളേജ് ടീം വിജയം നേടി. 50,000 രൂപയുടെ ക്യാഷ് പ്രൈസ് നേടി. ഫുട്ബോൾ ടീമിനും പരിശീലന അദ്ധ്യാപകർക്കും അനുമോദനങ്ങൾ.

8. **ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് ഗവേഷണ സിൽവർ ജൂബിലി ആഘോഷം**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ ഗവേഷണം ആരംഭിച്ചതിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾ പൂർവ്വ വിദ്യാർത്ഥി ശ്രീ അനിൽ അക്കര എം എൽ എ നിർവ്വഹിച്ചു.

9. **ദ്വിദിന സെമിനാർ**

ഫോറൻസിക് വിഭാഗത്തിന്റെ നേതൃത്വത്തിൽ 'ക്രിമിനൽ നീതിന്യായ സംവിധാനത്തിലെ ശാസ്ത്രീയ കാഴ്ചപ്പാട്' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദ്വിദിന സെമിനാർ ലോകായുക്ത ജസ്റ്റിസ് സിറിയക്

ജോസഫ് ഉദ്ഘാടനം ചെയ്തു. ഡോ. ഫ്രാൻസി കാക്കശ്ശേരി, പ്രൊഫ. സന്ദീപ് പി.എൻ എന്നിവർ നേതൃത്വം നൽകി. പാട്രൻ, മാനേജർ എക്സിക്യൂട്ടീവ് മാനേജർ, പ്രിൻസിപ്പാൾ, വൈസ്പ്രിൻസിപ്പാൾമാർ പങ്കെടുത്തു.

**10. സൈക്ലിംഗ് ചാമ്പ്യൻഷിപ്പ്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർസോൺ സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ, ചാമ്പ്യൻമാരാകുന്നത് കോളേജിന്റെ ചരിത്രത്തിൽ ആദ്യമായാണ്.

**11. എന്റർപ്രണർഷിപ്പ് ക്ലബ് സെമിനാർ**

എന്റർ പ്രണർഷിപ്പ് ക്ലബ് 'ഫിനാൻഷ്യൽ ലിറ്ററസി : ഫണ്ടിംഗ് സോഴ്സ് ഫോർ സ്റ്റാർട്ടപ്പ്' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെമിനാർ നടത്തി. ശ്രീമതി സരിത കുണ്ടുകുളം (മാനേജർ ബി.ഒ.ഐ) ശ്രീ രാമചന്ദ്രൻ നായർ (കോർഡിനേറ്റർ ബി.ഒ.ഐ) എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**12. എൻ. സി. സി അച്ചീവ്ഡെ ആഘോഷിച്ചു**

എൻ. സി. സി യുടെ അച്ചീവ്ഡെ ആഘോഷം ഗ്രൂപ്പ് കമാൻഡർ ആർ. ആർ അയ്യർ ഉദ്ഘാടനം ചെയ്തു. എൻ. സി. സി ഓഫീസർ സാബു എ.സ്, മാനേജർ, പ്രിൻസിപ്പാൾ, വൈസ്പ്രിൻസിപ്പാൾമാർ എന്നിവർ പങ്കെടുത്തു.

**13. അസർ റിപ്പോർട്ട് പ്രകാശനം ചെയ്തു**

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രഥംവഗം യുടെ 'അസർ' പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തെ തൃശൂർ ജില്ലയുടെ സർവ്വേയ്ക്ക് കോളേജ് നേതൃത്വം നൽകി. എം.എസ്.ഡബ്ല്യൂ, സ്റ്റാറ്റിസ്റ്റിക്സ്, കംപ്യൂട്ടർ ആപ്ലിക്കേഷൻ ഡിപ്പാർട്ട്മെന്റുകൾ 4 മുതൽ 8 വരെ വയസ്സുള്ള കുട്ടികളുടെ സർവ്വെയുമായി സഹകരിച്ചു.

**14. സീതാരാമൻ മെമ്മോറിയൽ ലക്ച്ചർ**

ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ മുൻ അദ്ധ്യാപകൻ സീതാരാമൻ ലക്ച്ചർ മദ്രാസ് ഐ. ഐ. ടി അദ്ധ്യാപകൻ ഡോ. എൻ രഘു (സിമെറ്റ് ഡയറക്ടർ) ലക്ച്ചർ സീരീസ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ, എക്സിക്യൂട്ടീവ് മാനേജർ, എച്ച്.ഒ.ഡി ജോയ് പി.എം എന്നിവർ പങ്കെടുത്തു.

**15. ഫിനിഷിംങ് സ്കൂൾ അന്താരാഷ്ട്ര സെമിനാർ**

കോളേജിലെ ഫിനിഷിംങ് സ്ക്കൂളിന്റെ ആഭിമുഖ്യത്തിൽ കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ച് ദ്വിദിന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു.(9 &10/1/2020). കാലിക്കറ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാറും, സെന്റ് തോമാസ് കോളേജ് അദ്ധ്യാപകനുമായ ഡോ. സി.എൽ ജോഷി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. ജോയി കെ.എൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കുർദ്ദിസ്ഥാൻ ലബനീസ് ഫ്രഞ്ച് വാ

ഴ്സിറ്റി പ്രസ്ഡന്റ് ഡോ. മുഹമ്മദ് സാദിഖ് മുഖ്യാതിഥിയായിരുന്നു. ജർമ്മനി, തായ്‌ലണ്ട് എന്നീ രാജ്യങ്ങളിൽ നിന്നും, വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്തു. കൺവീനർ ഡോ. പോൾ ജോസ് നേതൃത്വം നൽകി.

**16. പി.എച്ച്.ഡി നേടി**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ കോളേജ് ഡീൻ ഡോ. സനിൽ രാജിന്റെ കീഴിൽ ഗവേഷണം നടത്തിയിരുന്ന സൗമ്യ കെ.എൻ പി.എച്ച്.ഡി അവാർഡ് ചെയ്തു. പ്രൊഫ. ലിൻഡാ ചെയർമാനായ മൂല്യനിർണ്ണയ സമിതിയാണ് പി.എച്ച്.ഡി ഓപ്പൺ ഡിഫൻസ് നടത്തിയത്.

**17. വിദേശ ഗവേഷണ വിദ്യാർത്ഥികൾ**

ആദ്യമായ് വിദേശ വിദ്യാർത്ഥികൾ ഗവേഷണത്തിനായി സെന്റ് തോമാസ് കോളേജിൽ ചേർന്നു. കോമേഴ്സ് അദ്ധ്യാപകർ ഡോ. പോൾ ജോസിന്റെ കീഴിൽ രണ്ട് വിദേശ ഗവേഷണ വിദ്യാർത്ഥികൾ ഡോ. ഉൾറിക് ഖൂലിക്കും പ്രൊഫ. ഹാൻസ് മൈക്കിൾ ഖൂലിക്കും ഗവേഷണത്തിനായി ചേർന്നു. ഇത് കേരളത്തിലെ എയ്ഡഡ് കോളേജിലെ ആദ്യത്തെ സംഭവമാണ്. 130 ഗവേഷണ വിദ്യാർത്ഥികൾ 40 ഗൈഡുകളുടെ കീഴിലായി പി.എച്ച്.ഡി ക്ക് ഗവേഷണം നടത്തി വരുന്നു.

**18. നാഷണൽ സെമിനാർ നടത്തി**

കെമിസ്ട്രി ഡിപ്പാർട്ടുമെന്റ് 'മെറ്റീരിയൽ സയൻസ് ആൻഡ് സ്പെക്ട്രോകോപ്പി' എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു. പൂനെ എൻ.സ്.എൽ ശാസ്ത്രജ്ഞൻ ഡോ. പി.എ. ജോയ്, സി.ഇ.സി.ആർ.ഐ കരടുകായ് ശാസ്ത്രജ്ഞൻ ഡോ. സുബ്ബയ്യ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**19. 'സ്റ്റാർ കോളേജ്' പദവിയുടെ ആദ്യഘട്ടത്തിൽ**

ഡി.ബി.റ്റി യുടെ സ്റ്റാർ പദവി ലഭിക്കുന്നതിലേക്കായി സെന്റ് തോമാസ് കോളേജ് ഈ വർഷം തെരഞ്ഞെടുക്കപ്പെട്ടു. ബിരുദ കോഴ്സുകളുടെ ഉന്നമനത്തിനായ് ലഭിക്കുന്ന ഏകദേശം 80 ലക്ഷം രൂപ ഫണ്ട് 4 ശാസ്ത്ര ഡിപ്പാർട്ട്മെന്റുകൾക്കായി ഈ വർഷം മുതൽ ലഭിച്ചു തുടങ്ങി. കുട്ടികളുടെ ഇൻസ്റ്റിറ്റ്യൂഷണൽ വിസിറ്റ്, ഫീൽഡ് വിസിറ്റ്, പ്രമുഖ ശാസ്ത്രജ്ഞരുമായി ഇടപഴകൽ, കുട്ടികളുടെ പ്രാക്ടിക്കൽ അഭിരുചി എന്നിവയെ ഉയർത്തുന്നതിനായി അനുവദിച്ച ഈ തിരഞ്ഞെടുപ്പ്, നാക്ക് അക്രിഡേഷനിൽ എ ഗ്രേഡും, സെന്റർ ഫോർ എക്സലൻസായും, യു.ജി.സി പരാമർശ് സ്കീമിൽ ഉൾപ്പെടുകയും ചെയ്ത ഈ വർഷത്തെ രാജ്യത്തെ മികച്ച കായിക കലാലയമായ സെന്റ് തോമാസ് കോളേജിന് ഉയർച്ചയുടെ പടവിൽ ഒരു വലിയ നാഴികകല്ലാണ് ഡി.ബി.റ്റി യുടെ ഈ അംഗീകാരം.

**ഡോ. പി. വി. ആന്റോ**
പി.ആർ.ഒ

**ഫാ. വർഗ്ഗീസ് കൂത്തൂർ**
എക്സി. മാനേജർ




## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

1. **സ്വീകരണം നൽകി**

   മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ പുതിയ അസിസ്റ്റന്റ് ബർസാർ ആയി ചാർജെടുത്ത ഫാ. ഷിജു ചിറ്റിലപ്പിള്ളിക്കും, ഫിസിക്കൽ സയൻസ് വിഭാഗം അധ്യാപകനായി ചാർജെടുത്ത ശ്രീ.അഹമ്മദ് ജാസീം നും മഹാജൂബിലി കുടുംബം 2020 ഫെബ്രുവരി 10ന് ഹൃദ്യമായ സ്വാഗതം നേർന്നു.

2. **ഇന്റർ ട്രെയിനിംഗ് കോളേജ് അത്‌ലറ്റിക് മീറ്റ്**

   കേരള സ്റ്റേറ്റ് അൺ എയ്ഡഡ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാൾ അസോസിയേഷന്റെ നേതൃത്വത്തിൽ 2020 ഫെബ്രുവരി 15–ാം തിയ്യതി മേൽമുറി എം.സി.ടി കോളേജിൽ സംഘടിപ്പിച്ച ഇന്റർ ട്രെയിനിംഗ് കോളേജ് അത്‌ലിറ്റിക് മീറ്റിൽ മഹാജൂബിലി ട്രെയിനിംഗ് കോളേജ് 5–ാം സ്ഥാനം കരസ്ഥമാക്കി. ഡിസ്കസ് ത്രോ ഗേൾസ് അനു.ടി.സി ഒന്നാം സ്ഥാനവും, ജാവലിൻ ത്രോ ഗേൾസ് ആൻ ബാബു രണ്ടാം സ്ഥാനവും, ഷോട്ട് പുട്ട് ഗേൾസ് ആൻ ബാബു മൂന്നാം സ്ഥാനവും, റിലേ ബോയ്സ് ഷോൺ പടിക്കല, ബിനോജ് ജോണി, മുഹമ്മദ് ഉവൈസ് എ.കെ, ഹാനിഷ് പി.ടി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികളെ ഫാ.ചാക്കോ ചിറമ്മലും അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് അനുമോദിച്ചു.

3. **ആർട്സ് ഡേ**

   മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2018–2020 ബാച്ചിന്റെ ആർട്സ് ഡേ 'ചിലമ്പ്' 2020 ഫെബ്രുവരി 20–ാം തിയ്യതി വിവിധ പരിപാടികളോടുകൂടെ സംഘടിപ്പിച്ചു. ആർട്സ് ഇൻ ചാർജായ ശ്രീമതി ദീപ എം. ജെ യുടെ മുഖ്യ നേതൃത്വത്തിൽ നടത്തിയ കലാപരിപാടികളിൽ ഗംഗ ഹൗസ് ഒന്നാം സ്ഥാനവും യമുന ഹൗസ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. രണ്ടാം വർഷ വിദ്യാർത്ഥികളായ മഞ്ജു കെ.പി കലാതിലകമായും ഷഹബാസ് പി.എച്ച് സർഗപ്രതിഭയും കലാ പ്രതിഭയും ആയി തെരഞ്ഞെടുക്കപ്പെട്ടു

**4. ജോബ് ഫെസ്റ്റ്**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ രണ്ടാം വർഷ ബി.എഡ് വിദ്യാർത്ഥികൾക്കായി 2020 ഫെബ്രുവരി 27ന് ജോബ് ഫെസ്റ്റ് സംഘ ടിപ്പിച്ചു.

**5. ഇന്റർ ട്രെയിനിംഗ് കൊളിജിയേറ്റ് ആർട്സ് ഫെസ്റ്റിവൽ**

2020 ഫെബ്രുവരി 29–ാം തിയ്യതി കേരള അൺ എയ്ഡഡ് ട്രെയി നിംഗ് കോളേജ് പ്രിൻസിപ്പാൾ അസോസിയേഷന്റെ നേതൃത്വത്തിൽ നവജ്യോതി കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ ഫോർ വിമൺ ഒളരിക്കരയിൽ സംഘടിപ്പിച്ച രംഗോത്സവം 2020ൽ മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. പെയിന്റിംഗ് വാട്ടർ കളർ ഇനത്തിൽ രണ്ടാം വർഷ വിദ്യാർത്ഥിനി സ്റ്റെഫി എൻ. സൂസൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**6. കാട്ടുതീ ബോധവൽകക്കരണ പരിപാടി**

ബയോ നാച്ചുറൽ ക്ലബ്ബും, നെഹ്റു യുവകേന്ദ്രയും, മുള്ളൂർക്കര പഞ്ചായത്തും സംയുക്തമായി സംഘടിപ്പിച്ച കാട്ടുതീ ബോധവൽക രണ സെമിനാറിൽ മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. 2020 ഐക്യസംഘടനയുടെ ലോക വന്യജീവി ദിനം ആഘോഷത്തിന്റെ ഭാഗമായി മാർച്ച് 4ന് സംഘടി പ്പിച്ച സെമിനാറിൽ ആണ് വിദ്യാർത്ഥികൾ പങ്കാളികളായത്.

**7. മിണ്ടാപ്രാണികൾക്ക് ദാഹജലം നൽകി വിദ്യാർത്ഥികൾ**

കടുത്ത വേനലിൽ ജീവജാലങ്ങൾക്ക് ദാഹജലം പകർന്ന് മാതൃക യായി ബി.എഡ് വിദ്യാർത്ഥികൾ. മഹാജൂബിലി ബി.എഡ് ട്രെയി നിംഗ് കോളേജിലെ വിദ്യാർത്ഥികളാണ് പറവകൾക്കൊരു നീർക്കുടം എന്ന പദ്ധതിക്ക് തുടക്കം കുറിച്ചത്. കേളേജ് പ്രിൻസിപ്പാൾ ഫാ. ചാക്കോ ചിറമ്മൽ മാർച്ച് 5ന് കുടങ്ങളിൽ വെള്ളം നിറച്ച് പദ്ധതി ഉദ്ഘാടനം ചെയ്തു.

**8. വിമൻസ് ഡേ**

സ്ത്രീകളുടെ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് ഇന്റർനാഷണൽ വിമൻസ് ഡേ മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ 2020 മാർച്ച് 6–ാം തിയ്യതി വിവിധ പരിപാടികളോടുകൂടെ ആഘോ ഷിച്ചു. സ്ത്രീ ശാക്തീകരണത്തെ ചിത്രീകരിക്കുന്ന ടാബ്ളോയും, ക്വിസ് മത്സരവും, വീഡിയോ പ്രസന്റേഷനും സംഘടിപ്പിച്ചു.

**9. കോളേജ് ഡേ**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ 2019–2020 വർഷത്തെ കോളേജ് ഡേ മാർച്ച് 12–ാം തിയ്യതി സമുചിതമായി ആഘോഷിച്ചു. അതിരൂപത വികാരി ജനറാൾ മോൺ.ജോസ് വല്ലൂ രാൻ ഉദ്ഘാടനം നിർവഹിച്ചു. തദവസരത്തിൽ പുതിയ കോളേജ് ബർസാർ ഫാ. വർഗ്ഗീസ് കൂത്തൂരിന് സ്വീകരണം നൽകി. വിദ്യാർത്ഥി

കളുടെ കലാപരിപാടികളും, അതിനെ തുടർന്ന് വിവിധ മേഖലകളിൽ കഴിവുകൾ പ്രകടിപ്പിച്ച വിദ്യാർത്ഥികൾക്ക് സമ്മാനദാനവും നടത്തി.

**10. യാത്രയയപ്പ്**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ 2018–2020 വർഷ ബാച്ചിന്റെ യാത്രയയപ്പ് യോഗം 2020 മാർച്ച് 30ന് സംഘടിപ്പിച്ചു.

**11. മോഡൽ പരീക്ഷ**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ രണ്ടാം വർഷ ബി.എഡ് വിദ്യാർത്ഥികളുടെ മോഡൽ പരീക്ഷ 2020 മാർച്ച് 23നും ഒന്നാം വർഷ വിദ്യാർത്ഥികളുടെ പരീക്ഷ മാർച്ച് 31നും ആരംഭിച്ചു.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# സാന്ത്വനം

**1. ഭവനം ആശീർവദിച്ചു**

തൃശ്ശൂർ അതിരൂപതയുടെ പ്രളയാനന്തര പുനരധിവാസ പദ്ധതിയായ സേവ് തൃശ്ശൂർ പദ്ധതിയിലൂടെ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഭവനം ആശീർവദിച്ചു. മരത്താക്കര ഇടവകകാംഗമായ പയ്യപ്പിള്ളി മേരി തോമസിനാണ് ഭവനം നിർമ്മിച്ച് ആശീർവദിച്ച് കൈമാറിയത്. അഭിവന്ദ്യ മാർ.ആൻഡ്രൂസ് താഴത്ത് ആശീർവാദ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ചടങ്ങിൽ സേവ് തൃശ്ശൂർ കമ്മിറ്റിയംഗങ്ങൾ, സാന്ത്വനം ടീമംഗങ്ങൾ, ഇടവക വികാരി , ഇടവക പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു.

**2. ട്രെയിനിങ്ങ് പ്രോഗ്രാം**

KSSF ന്റെ ആഭിമുഖ്യത്തിൽ സാന്ത്വനത്തിലെ സ്റ്റാഫ് അംഗങ്ങൾക്കും സാന്ത്വനവുമായി ബന്ധപ്പെട്ടവർക്കുമായി ഒരു ട്രെയിനിങ്ങ് പ്രോഗ്രാം സംഘടിപ്പിച്ചു. Key Strategic Pillars And Catholic Social Teaching എന്ന വിഷയത്തെകുറിച്ച് നടത്തിയ ട്രെയിനിങ്ങിന് KSSF എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ.ജോർജ് വെട്ടിക്കാട്ടിൽ, സി. ജെസീന എന്നിവർ നേതൃത്വം നൽകി.

3. **വായ്പാ വിതരണമേള**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകുന്ന വായ്പ സ്വീകരിക്കുന്നതിനായി, തൃശ്ശൂർ അതിരൂപത സാന്ത്വനം ഡയറക്ടർ

ഫാ.ജോയ് മൂക്കൻ കോർഡിനേറ്റർമാരായ ശ്രീ. നെൽസൺ സി .ടി, ശ്രീമതി. ബീന വർഗ്ഗീസ്, ആനിമേറ്റർമാരായ ശ്രീമതി. എൽസി ഫിലിപ്പ്, ശ്രീമതി. ജോയ്സി സ്റ്റീഫൻ, ശ്രീമതി. അനിത ജോസഫ് എന്നിവരും 25 സ്വയം സഹായ സംഘങ്ങളിലെ ഭാരവാഹികളും ചേർന്ന് പാലക്കാട് കോട്ട മൈതാനിയിൽ നടന്ന ചടങ്ങിൽ പങ്കെടുത്തു. തദവസരത്തിൽ ബഹു.കേരള ഗവർണർ ശ്രീ.ആരിഫ് മുഹമ്മദ് ഖാനിൽ നിന്ന് 1 കോടി രൂപയുടെ ചെക്ക് സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ കൈപ്പറ്റുകയുണ്ടായി.

4. **KSBCDC ലോൺ വെരിഫിക്കേഷൻ**

KSBCDC ലോൺ വെരിഫിക്കേഷന്റെ ഭാഗമായി മോൺ.തോമസ് കാക്കശ്ശേരി, സാന്ത്വനം ഡയക്ടർ ഫാ.ജോയ് മൂക്കൻ, കോർഡിനേറ്റർമാരായ ശ്രീമതി ബീന വർഗ്ഗീസ്, ശ്രീ.നെൽസൺ എന്നിവർ KSBCDC യുടെ തൃശ്ശൂർ ഹെഡ് ഓഫീസിൽ വെരിഫിക്കേഷന് സംബന്ധിച്ചു. KSBCDC ലോണിന്റെ വായ്പ ലഭിക്കുന്നതിനായി പാലക്കാട് നടന്ന റീജിയണൽ മീറ്റിംഗിങ്ങിൽ, സാന്ത്വനം അസോസിയേറ്റ് ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി, കോർഡിനേറ്റർമാരായ ശ്രീമതി ബീന വർഗ്ഗീസ്, ശ്രീ.നെൽസൺ എന്നിവർ സംബന്ധിച്ചു.

5. **വനിതാസംഗമം**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപറേഷനും തൃശ്ശൂർ അതിരൂപതയുടെ സാന്ത്വനം സോഷ്യൽ അപ്പസ്തോലേറ്റും കുരിയച്ചിറയിലെ സ്ലം സർവ്വീസ് സെന്ററും സംയുക്തമായി തൃശ്ശൂർ DBCLC ഹാളിൽ നടത്തിയ വനിതാ സംഗമവും ചെറുകിട വായ്പാ വിതരണ മേളയും അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. വികാരി ജനറൽ മോൺ.തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പിന്നോക്ക വിഭാഗ വികസന കോർപറേഷൻ അസി. ജനറൽ മാനേജർ ശ്രീ. പി. എൻ. വേണു ഗോപാൽ ആമുഖ പ്രഭാഷണം നടത്തി. "സമൂഹ വളർച്ചക്ക് വനിതകളുടെ പങ്ക്" എന്ന വിഷയത്തെക്കുറിച്ച് ഡോ. മേരി റജീന ബോധവൽകരണ ക്ലാസ് നടത്തുകയുണ്ടായി. മേളയിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപറേഷനിൽ നിന്നും 31 വനിതാ സ്വയം സഹായ സംഘങ്ങൾക്ക് വായ്പയായി അനുവദിച്ച ഒരു കോടി മുപ്പതു ലക്ഷം രൂപ വിതരണം നടത്തുകയുണ്ടായി.

6. **അവലോകനയോഗവും കപ്പാസിറ്റി ബിൽഡിങ്ങും**

സാന്ത്വനം സോഷ്യൽ അപ്പോസ്തോലേറ്റ് സെന്ററിന്റെ പ്രതിമാസ അവലോകനയോഗം സാന്ത്വനം ഹാളിൽവെച്ച് നടത്തപ്പെട്ടു. തുടർന്ന് കപ്പാസിറ്റി ബിൽഡിങ്ങ് പരിശീലനത്തിൻെറ ഭാഗമായി കോവിഡ് –19 രോഗബാധയും മുൻകരുതലുകളും എന്ന വിഷയത്തെകുറിച്ച് സ്റ്റാഫ് ശ്രീമതി. ഗ്ലിന്റ ജോസ് ക്ലാസ്സ് എടുത്തു.

7. **സേവ് എ ഫാമിലി**

സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായി കാലാവധി പൂർത്തീകരിച്ച 8 ഗുണഭോക്തൃ കുടുംബങ്ങളുടെയും വളർച്ച നിർണയിക്കുന്ന പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കി. പൂർത്തീകരിച്ച പദ്ധതികൾ, സർക്കാർ സഹായങ്ങൾ, ഭവനം, സ്വയം തൊഴിൽ, ലാഭവിഹിതം, മക്കളുടെ വിദ്യാഭ്യാസം, പുരോഗതി, ചികിത്സസഹായം, സ്ഥിര വരുമാന തൊഴിൽ എന്നിവ അടിസ്ഥാനപ്പെടുത്തി 6 വർഷത്തെ റിപ്പോർട്ടാണ് തയ്യാറാക്കുന്നത്.

സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായി 25 ഗുണഭോക്തൃ കുടുംബങ്ങളുടെ വാർഷിക പ്ലാനിംഗ് തയ്യാറാക്കി. ആനിമേറ്റർമാർ, ഇവരുടെ വീടുകളിൽ ചെന്ന് കുടുംബങ്ങളുമായി ചർച്ച ചെയ്താണ് ഈ 25 ഗുണഭോക്തൃ കുടുംബങ്ങളുടെയും പ്ലാനിംഗ് തയ്യാറാക്കിയത്.

സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായി കാലാവധി പൂർത്തീകരിച്ച 16 ഗുണഭോക്തൃ കുടുംബങ്ങളുടെ അക്കൗണ്ട് ക്ലോസിങ്ങ് നടത്തി. അക്കൗണ്ട് ക്ലോസിങ്ങിൽ ഓരോ ഗുണഭോക്തൃ കുടുംബങ്ങൾക്കും ലഭിച്ച സഹായതു

I. സ്പെഷ്യൽ ഗിഫ്റ്റ്, അവർ പ്രവർത്തനങ്ങൾക്കുവേണ്ടി പിൻവലിച്ച തുക എന്നിവ കണക്കാക്കി അവരുടെ എക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക നൽകുകയും ചെയ്താണ് അക്കൗണ്ട് ക്ലോസിങ്ങ് നടത്തുന്നത്.

8. **SHG മോണിറ്ററിംഗ് വിസിറ്റിംഗ്**

ചേലക്കര യൂണിറ്റിലെ സ്വയം സഹായ സംഘങ്ങളിൽ മോണിറ്ററിംഗ് വിസിറ്റ് നടത്തി. ലോൺ ഫണ്ട് തിരിച്ചടവ്, വരുമാന വർദ്ധക സംരംഭങ്ങളുടെ പുരോഗതി, സംഘങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തുകയും വേണ്ടതായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കോർഡിനേറ്റർ, സോണൽ കോർഡിനേറ്റർ, ആനിമേറ്റർ എന്നിവർ വിസിറ്റിന് നേതൃത്വം നൽകി.

9. **സ്നേഹനിധി വാർഷിക പൊതുയോഗം**

വരാക്കര സൗത്ത്, ചേലക്കര എന്നീ ഇടവകകളിൽ സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടത്തി. ഇടവക വികാരിമാർ, കൈ

ക്കാരൻമാർ, സാന്ത്വനം അസോ.ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി, കോർഡിനേറ്റർ എന്നിവർ സംബന്ധിച്ചു. പുതിയ സ്വയം സഹായ സംഘങ്ങൾ തുടങ്ങുന്നതിന്റെ ആവശ്യകതയെപ്പറ്റിയും പുതിയ സംരംഭകത്വം സ്ത്രീകൾ തുടങ്ങേണ്ടതെങ്ങനെയെന്നും ഫാ.ജോസ് വട്ടക്കുഴി നിർദ്ദേശിച്ചു. വരാക്കര യൂണിറ്റിന്റെ കീഴിലുള്ള 2 സ്വയം സഹായ സംഘങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിൽപനാ മേളയും ഉണ്ടായിരുന്നു.

**10. പുതിയ SHG സന്ദർശനവും രൂപീകരണവും**

കല്ലൂർ ഈസ്റ്റ് ഇടവകയുടെ കീഴിൽ പുതിയ 5 സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി കോർഡിനേറ്ററും ആനിമേറ്ററും ചേർന്ന് പുതിയ സ്വയം സഹായ സംഘങ്ങളിൽ സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പുതിയ സംഘങ്ങൾ റജിസ്റ്റർ ചെയ്യുന്നതിനും ബാങ്ക് എക്കൗണ്ട് തുടങ്ങുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

**12. വനിതാദിനാഘോഷവും അവാർഡ് ദാനവും**

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയം ആമോസ് സെന്ററിൽവെച്ച് കേരളത്തിലെ എല്ലാ രൂപതകളിലെയും ഒറ്റമൂലി, നാട്ടുചികിത്സ എന്നിവയിൽ മികവു തെളിയിച്ച ക്രൈസ്തവ വനിതകളെ ആദരിക്കുകയുണ്ടായി. തൃശൂർ അതിരൂപതയിൽ നിന്ന് ഒളരി ഇടവകാംഗമായ ശ്രീമതി. ത്രേസ്യാമ പോളിനെയാണ് ആദരിച്ചത്. 45 വർഷമായി മൈഗ്രെൻ ചികിത്സ രംഗത്ത് കഴിവ് തെളിയിച്ചതിനാണ് ഇവർക്ക് അവാർഡ് ലഭിച്ചത്.

| | | |
|---|---|---|
| **ഫാ. ജോസ് വട്ടക്കുഴി** | **ഫാ. ജോയ് മൂക്കൻ** | **ഫാ. സിന്റോ തൊറയൻ** |
| അസോ.ഡയറക്ടർ | ഡയറക്ടർ | അസി. ഡയറക്ടർ |

FAMILY APOSTOLATE CENTRE, THRISSUR



# ഫാമിലി അപ്പോസ്റ്റലേറ്റ്

**സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2008 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടു

ത്താൻ ഇടവക അടിസ്ഥാനത്തിൽ **സീറോ ഡിവോഴ്സ്** പ്രോഗ്രാം നടത്തിവരുന്നു. കഴിഞ്ഞ മാസങ്ങളിൽ പുറനാട്ടുക്കര, ഒല്ലൂക്കര എന്നീ ഇടവകകളിൽ നടത്തുകയുണ്ടായി. സഹകരിച്ചവർക്കും പങ്കെടുത്തവർക്കും ഒത്തിരി നന്ദി. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ**
അസി.ഡയറക്ടർ

**ഫാ. ജിന്റോ ചൂണ്ടൽ**
അസി.ഡയറക്ടർ




1. **അതിഗംഭീരമായി ഫൊറോന കൺവെൻഷൻ**
അതിരൂപതയിലെ ഫൊറോന അടിസ്ഥാനത്തിൽ മാർച്ച് 1,8 എന്നീ തിയ്യതികളിലായി ബസിലിക്ക, പുതുക്കാട്, ഒല്ലൂർ, പഴുവിൽ, ലൂർദ്ദ്, പട്ടിക്കാട്, പാലയൂർ, കൊട്ടേക്കാട്, കണ്ടശ്ശാംകടവ് എന്നീ 9 ഫൊറോനകളിലായി കുടുംബകൂട്ടായ്മ ഭാരവാഹികളുടെ കൺവെൻഷൻ നടക്കുകയുണ്ടായി. എല്ലാ ഫൊറോനകളിലും കുടുംബകൂട്ടായ്മ ഭാരവാഹികളുടെ കൺവെൻഷൻ വളരെ ഗംഭീരമായിരുന്നു. അതിന് നേതൃത്വം കൊടുത്ത അതാത് ഫൊറോന വികാരിമാരെയും ഫൊറോന ആനിമേറ്റർ അച്ചന്മാരേയും അതാത് ഫൊറോന കേന്ദ്ര സമിതി അംഗങ്ങളെയും സെമിനാറിന് നേതൃത്വം കൊടുത്തവരേയും ഈ കൺവെൻഷനിലേക്ക് കുടുംബകൂട്ടായ്മ ഭാരവാഹികളെ പറഞ്ഞയച്ച വികാരിയച്ചന്മാരെയും കൺവെൻഷനിൽ പങ്കെടുത്ത എല്ലാ ഭാരവാഹികളെയും ഒത്തിരി സ്നേഹത്തോടെ ഒരായിരം നന്ദി അർപ്പിക്കുന്നു.
2. **ചർച്ചാപഠനപരിശീലന ക്യാമ്പ്**
**ഏപ്രിൽ 25 ശനി, 2.30** pm
മെയ് മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ഏപ്രിൽ 25–ാം തിയ്യതി ശനി

യാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**3. മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം**

**ഏപ്രിൽ 25 ശനി, 3.00** pm

അതിരൂപത കുടുംബകൂട്ടായ്മ എല്ലാ വർഷവും നടത്തിവരാറുള്ള മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം ഈ വർഷം ഏപ്രിൽ 25 ശനിയാഴ്ച 3 മണിക്ക് അതിരൂപത കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് സംഘടിപ്പിക്കുന്നു. ഈ അനുസ്മരണ സമ്മേളനത്തിലേക്ക് ഏവരേയും ക്ഷണിക്കുന്നു.

| | | |
|---|---|---|
| **ഷിന്റോ മാത്യു** | **പോൾ പാറക്കൽ** | **ഫാ. ഡെന്നി താണിക്കൽ** |
| ജനറൽ കൺവീനർ | ജനറൽ സെക്രട്ടറി | ഡയറക്ടർ |




**1. പ്രാർത്ഥനാദിനം : ഏപ്രിൽ 16 വ്യാഴം (9.30 am – 1.00 pm)**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപത തല പ്രാർത്ഥനാദിനമാണ് ഏപ്രിൽ 16–ാം തിയ്യതി വ്യാഴാഴ്ച്ച ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ജപമാലയോടുക്കൂടി പ്രാർത്ഥനാദിനം ആരംഭിക്കും. തുടർന്ന് ആരാധനയും വി.കുർബ്ബാനയും ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**2. കൂദാശ ഒരു പഠനം – 2**

**ഏപ്രിൽ 16 വ്യാഴം (രാവിലെ 10.30 മുതൽ 11.30 വരെ)**

മാതൃവേദി അംഗങ്ങൾക്ക് വേണ്ടി സഭയിലെ കൂദാശകളെ അറിയാനും അറിഞ്ഞ് സ്നേഹിക്കുവാനും ഒരുങ്ങി സ്വീകരിക്കാനുമായി സഭയിലെ കൂദാശകളെ പറ്റിയുള്ള പഠന പരമ്പര ആരംഭിച്ചിരിക്കുകയാണ്. ഏവരേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**3. കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

**ഏപ്രിൽ 16, വ്യാഴം (9.30 am – 1.00 pm)**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന

ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഈ പ്രാവശ്യം നടത്തേണ്ടത് പുതുക്കാട്, മറ്റം എന്നീ ഫൊറോനകളിലെ ഇടവകകളാണ്. ഇനി ഏതെങ്കിലും ഫൊറോനകൾക്കോ ഇടവകയ്ക്കോ വ്യക്തികൾക്കോ കൊണ്ടുവരാൻ താൽപര്യമുണ്ടെങ്കിൽ ഏപ്രിൽ 16–ാം തിയ്യതി വ്യാഴാഴ്ച്ച കൊണ്ടുവരാവുന്നതാണ്.

| **മേരി വിൻസെന്റ്** | **ഫാ. ജിന്റോ ചൂണ്ടൽ** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|---|
| പ്രസിഡണ്ട് | അസി. ഡയറക്ടർ | ഡയറക്ടർ |




**ഏപ്രിൽ 6 തിങ്കൾ (വൈകിട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

| **ജെയിംസ് ആഴ്ചങ്ങാടൻ** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|
| പ്രസിഡന്റ് | ഡയറക്ടർ |





**വനിതാ ദിനാഘോഷം : സമൂഹമുന്നേറ്റത്തിന് സ്ത്രീ ശക്തി**

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സ്ത്രീയും പുരുഷനും തുല്യ അവകാശങ്ങളോടും എന്നാൽ വ്യത്യസ്ത ദൗത്യങ്ങളുമായി

സൃഷ്ടിക്കപ്പെട്ടു. എക്കാലവും തൃശ്ശൂർ അതിരൂപത സ്ത്രീകളുടെ ഉന്ന മനത്തിനും അവകാശങ്ങൾക്കും വേണ്ടി നിലകൊണ്ടിട്ടുണ്ട്. ഭാവിയിലും സമൂഹത്തിന്റെ ഉന്നമനത്തിനും സുരക്ഷയ്ക്കും വേണ്ടിയുള്ള പ്രവർത്ത നങ്ങളിൽ വർദ്ധിച്ച ഉത്സാഹത്തോടെ സ്ത്രീകൾ പങ്കുകാരാകണമെന്ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ആഹ്വാനം ചെയ്തു. അതിരൂപത മാതൃവേദി പ്രസിഡണ്ട് ശ്രീമതി മേരി വിൻസെന്റ് അദ്ധ്യക്ഷ പ്രസംഗം നടത്തി. ഫാമിലി അപ്പസ്റ്റോലേറ്റ് ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അസി. ഡയറക്ടർ ഫാ. ജിന്റോ ചൂണ്ടൽ എന്നിവർ ആശം സകളർപ്പിച്ചു. ജ്യോതി എഞ്ചിനീയറിങ്ങ് കോളേജ് റിസർച്ച് ഡയറക്ടർ റവ. ഡോ. റോസ് അനിത ക്ലാസ്സ് നയിച്ചു. ഡോ. മേരി റെജീന, നിർമ്മല ആന്റോ, പ്രൊഫ. എലിസബത്ത് മാത്യു, ഓമന റാഫേൽ, റെജീന ഡേവീസ് എന്നിവർ പ്രസംഗിച്ചു.

**പ്രൊഫ. എലിസബത്ത് മാത്യു**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ




1. **Excel Med. / Eng. Entrance Course**

   2020 ഏപ്രിൽ, മെയ് മാസത്തിൽ നടക്കുന്ന Med. / Eng. Entrance, (Neet/Keam) Exam- കളിൽ പങ്കെടുക്കുന്ന പ്ലസ് ടു വിദ്യാർത്ഥി കൾക്കായി ഒരു മാസം നീണ്ടു നിൽക്കുന്ന Med. / Eng. Crash Course, 2020 April 1 മുതൽ തൃശൂർ ബിഷപ്പ് ഹൗസ്, DBCLC, എക്സൽഅക്കാ ദമി കാമ്പസിൽ ആരംഭിക്കുന്നു. അഡ്മിഷൻ തുടരുന്നു. കൂടുതൽ വിവരങ്ങൾക്ക്:PH: 9744941585, 9847276657, 8907804280

2. **Excel Science Genius Exam**

   തെരഞ്ഞെടുത്ത കുട്ടികൾക്കുള്ള എക്സൽ പാരിഷ് ലെവൽ സ്കോളർഷിപ്പ് Final Exam ഏപ്രിൽ 2–ാം തിയതി ബിഷപ്പ്ഹൗസ്, DBCLC, ഹാളിൽ ഉച്ചക്ക് 2 മണി മുതൽ 4 മണി വരെയും, എക്സൽ Science Genius-ന്റെ Final Exam ഏപ്രിൽ 4–ാം തിയതി DBCLC, ഹാളിൽ ഉച്ചക്ക് 2 മണി മുതൽ 4 മണി വരെയും, Junior IAS Final Exam ഏപ്രിൽ 18–ാം തിയതി രാവിലെ 9.30 മുതൽ 11.30 വരെ എക്സൽ

അവിണിശ്ശേരി കാമ്പസിൽ വെച്ചും നടത്തപ്പെടും. തെരഞ്ഞെടുത്ത കുട്ടികളുടെ ലിസ്റ്റുകൾ എക്സൽ അക്കാദമി Website-ൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് PH: 9744941585, 9847276657, wwwexcelacademytcr.com, wwwexcelneet.com

3. **Excel K - TET Class**

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ ശനി, ഞായർ ദിവസങ്ങളിൽ K-TET ക്ലാസുകൾ ബിഷപ്പ്ഹൗസ്, DBCLC, എക്സൽഅക്കാദമിയിൽ നടന്നുകൊണ്ടിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് PH: 9744941585, 9847276657

4. **New Admission 2020-21 (Scholarship Exam)**

2020–21 വർഷത്തിൽ, എക്സൽ അക്കാദമിയിലെ Daily Morning Batch, Sunday Holiday Batch കളിലേയ്ക്കുള്ള സ്കോളർഷിപ്പ് പരീക്ഷകൾ ആരംഭിക്കുന്നു. പ്ലസ് വൺ, പ്ലസ്ടു, ക്ലാസുകളിലേക്കും, 7, 8, 9, 10 ക്ലാസുകളിലേക്കുള്ള Orientation/Foundation Course–കളിലേക്കുള്ള സ്കോളർഷിപ്പ് പരീക്ഷകളും ഏപ്രിൽ, മെയ് മാസങ്ങളിൽ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് PH: 9744941585, 9847276657

**ഫാ. ഡേവീസ് തെക്കേകര**

ഡയറക്ടർ




1. **ലോകവനിത ദിനം**

ലോകവനിത ദിനാഘോഷം മുണ്ടൂർ കർമ്മലമാതാ പള്ളി ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ചു. ഡോ. സാറാ നീന സ്ത്രീകളുടെ പങ്കിനെകുറിച്ച് ക്ലാസ്സ് നയിച്ചു. വിവിധ മേഖലകളിൽ കഴിവു തെളിയിച്ച വനിതകളെ ആദരിച്ചു. ഫാ. വർഗ്ഗീസ് കൂത്തൂർ, ഫാ. ഷാജി കൊച്ചുപുരയ്ക്കൽ, ഷീല ജോസ്, അഡ്വ. ബിജു കുണ്ടുകുളം, ജോയ്സി ആന്റണി, ജോഷി, ജോൺസൺ എന്നിവർ നേതൃത്വം നൽകി സംസാരിച്ചു.

2. **കർഷക ന്യൂനപക്ഷ കേരളയാത്ര**

ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന

കർഷക–ന്യൂനപക്ഷ കേരള യാത്ര വിജയപ്രദമാക്കുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. 2020 മെയ് 14–നാണ് യാത്ര തൃശ്ശൂരിൽ എത്തിച്ചേരുന്നത്.

3. **ഹെൽപ്പ് ഡെസ്ക് രൂപീകരണം**

ഹെൽപ്പ് ഡെസ്ക് എല്ലാ ഇടവകകളിലും ആരംഭിക്കുന്നതിന്റെ ഒരുക്കങ്ങൾ നടക്കുന്നു. ഹെൽപ് ഡെസ്ക് കോർഡിനേറ്റേഴ്സിനുള്ള പരിശീലന പദ്ധതികൾ ഏപ്രിൽ മാസത്തിൽ പൂർത്തീകരിച്ച് എല്ലാ ഇടവകകളിലും ഹെൽപ് ഡെസ്ക് ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടക്കുന്നു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**എൻ. പി. ജാക്സൻ**
ജനറൽ സെക്രട്ടറി

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്




1. **ബെല്ലഡൊണ്ണ 2K20**

KCYM തൃശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ ലൂർദ്ദ് ഫൊറോനയുടെ ആതിഥേയത്തിൽ മണ്ണുത്തി സെന്റ് ആന്റണീസ് ദേവാലയത്തിൽവെച്ച് തൃശൂർ അതിരൂപത വനിതാസംഗമം മാർച്ച് 8, ഞായറാഴ്ച നടന്നു. അതിരൂപത ആനിമേറ്റർ സി. ടീന മരിയ പതാക ഉയർത്തി ആരംഭിച്ച വനിതാ സംഗമത്തിൽ അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ദിവ്യബലിക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. വനിതാ സംഗമം ഹോളി ഫാമിലി ജനറൽ കൗൺസിർ സി. ആനി കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. മണ്ണുത്തി ഇടവക വികാരി ഫാ. ഡേവീസ് കണ്ണമ്പുഴ അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപതയിലെ വിവിധ മേഖലകളിൽ പ്രതിഭ തെളിയിച്ച വനിതകളെ ആദരിച്ചു. മുഖ്യാതിഥി മുൻ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും,

കാർഷിക കോളേജ് പ്രൊഫസറും കൂടിയായ ഡോ. മേരി റെജീന ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തുടർന്നു നടന്ന ക്ലാസ്സിന് മുൻ ICYM ജനറൽ സെക്രട്ടറി ശ്രീമതി ജോയ്സ് മേരി ആന്റണി നേതൃത്വം നൽകി.

**2. ജീവാഗ്നി**

ആറുമാസം വരെ പ്രായമുള്ള ഗർഭസ്ഥശിശുവിനെ കൊല്ലാൻ അനുമതി നൽകുന്ന "മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി" ആക്ട് ഭേദഗതി ബില്ലിന് അംഗീകാരം കൊടുത്ത കേന്ദ്രമന്ത്രിസഭാ നടപടിക്കെതിരെ KCYM സംസ്ഥാന സമിതിയുടെ പ്രതിഷേധം തൃശൂർ അതിരൂപതയിലെ പുതുക്കാട് ഫൊറോനയിൽവെച്ചു നടന്നു. സംസ്ഥാന പ്രസിഡന്റ് ബിജോ പി. ബാബു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ സ്റ്റീഫൻ തോമസ് ചാലക്കര ആമുഖപ്രഭാഷണം നടത്തി. പുതുക്കാട് ഇടവക വികാരി റവ. ഫാ. ജോൺസൻ ചാലിശ്ശേരി ഉദ്ഘാടനം ചെയ്തു.

**3. വിസീറ്റ**

KCYM തൃശൂർ അതിരൂപതയുടെ ആതിഥേയത്തിൽ സംസ്ഥാന സമിതിയുടെ "വിസീറ്റ 2020" രൂപത സന്ദർശനം പുതുക്കാട് സെന്റ് ആന്റണീസ് ദൈവാലയത്തിൽവെച്ചു നടന്നു. തൃശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. KCYM സംസ്ഥാന പ്രസിഡന്റ് ബിജോ പി. ബാബു അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. സ്റ്റീഫൻ തോമസ് ചാലക്കര ആമുഖപ്രഭാഷണം നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി ക്രിസ്റ്റി ചക്കാലക്കൽ സ്വാഗതവും, തൃശൂർ അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള അനുഗ്രഹപ്രഭാഷണവും നടത്തി. തൃശൂർ, ഇരിങ്ങാലക്കുട, മൂവാറ്റുപുഴ, വരാപ്പുഴ, എറണാകുളം-അങ്കമാലി, കൊച്ചി, കോട്ടപ്പുറം രൂപതകളുടെ ഭാരവാഹികൾ പങ്കെടുത്തു.

**4. കാരുണ്യഭവനത്തിനായ് കൈക്കോർത്തു**

തൃശൂർ അതിരൂപതയിലെ KCYM യുവജനങ്ങൾ അവരവരുടെ ഇടവകയിൽ ഒറ്റക്കെട്ടായി കാരുണ്യഭവനത്തിന് കൈത്താങ്ങായി മാർച്ച് 1 ഞായറാഴ്ച കൂലിവേല ചെയ്തുകൊണ്ട് കൈക്കോർത്തു. കൂലിവേല ചെയ്തു കിട്ടുന്ന തുക കാരുണ്യഭവനത്തിന്റെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നു. മാർച്ച് 1 ന് കൂലിവേല സാധിക്കാത്ത യുവജനങ്ങൾ തുടർന്നുള്ള ദിവസങ്ങളിൽ ചെയ്തുകൊണ്ടിരിക്കുന്നു.

| | | |
|---|---|---|
| **സാജൻ ജോസ്** | **സാജൻ സി.ജെ.** | **ഫാ. ഡിറ്റോ കൂള** |
| പ്രസിഡണ്ട് | ജനറൽ സെക്രട്ടറി | ഡയറക്ടർ |




## സീനിയർ സി.എൽ.സി.

1. **കാരുണ്യദിനത്തിൽ കരുണയോടെ**

അതിരൂപത കാരുണ്യ ദിനാചരണത്തിന്റെ ഭാഗമായി തൃശൂർ അതിരൂപത സീനിയർ സി.എൽ.സിയുടെ നേതൃത്വത്തിൽ വിവിധ ഇടവകളിൽ നിന്നായി 60–ഓളം സി.എൽ.സി പ്രവർത്തകരും, അവരുടെ കുടുംബാംഗങ്ങളും എളക്കളത്തൂരിലെ നിർമ്മല സദൻ സന്ദർശിക്കുകയും, കലാപരിപാടികൾ അവതരിപ്പിക്കുകയും, അവിടേക്ക് ആവശ്യമായ ഡയപ്പർ, ഫിനോയിൽ, സോപ്പ് പൗഡർ, ഫ്ളോർ ക്ലീനർ, ടോയ്‌ലറ്റ് ക്ലീനർ എന്നിവ മദർ സുപ്പീരിയർ സി.എൽസി ചാഴൂരിന് കൈമാറുകയും ചെയ്തു.

**ബാബു അതിയുന്തൻ**
പ്രസിഡന്റ്

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

## തൃശൂർ അതിരൂപത സി.എൽ.സി.

1. **കാരുണ്യ വാരാചരണവുമായി തൃശ്ശൂർ അതിരൂപത സി.എൽ.സി.**

അതിരൂപത യുടെ ആഭിമുഖ്യത്തിൽ അമല ഹോസ്പിറ്റലുമായി സഹകരിച്ചു ലൂർദ് മാതാവിന്റെ തിരുന്നാളിനോടനുബന്ധിച്ചു കാരുണ്യ വാരാചാരണത്തിനു 16.2.2020നു തുടക്കമായി. അതിരൂപത ഫിനാൻസ് ഓഫിസർ ഫാ. വർഗ്ഗീസ് കൂത്തുർ ഉച്ചക്കഞ്ഞി നൽകികൊണ്ടു ഉദ്ഘാടനം ചെയ്തു. അതിരൂപത സി.എൽ.സി. ഭാരവാഹികൾ തങ്ങളുടെ വരുമാനത്തിന്റെ പങ്കിൽ നിന്നുമാണ് കാരുണ്യ പ്രവർത്തനങ്ങൾക്ക് വരുന്ന തുക ക്കണ്ടെത്തിയത്. ഒരാഴ്ചക്കാലം അതിരൂപത സി.എൽ.സി. യാണ് ഈ കാരുണ്യപ്രവർത്തനത്തിനു അമലയിൽ നേതൃത്വം നൽകുക.

2. **സ്വീകരണം നൽകി**

18.02.2020 ചൊവ്വാഴ്ച വൈകിട്ട് 7.30നു അതിരൂപത ഓഫിസിൽ വെച്ച് പുതിയ അസി. പ്രൊമോട്ടർ ഫാ. ജിക്സൻ മാളോക്കാരനു സ്വീകരണം നൽകി.

3. **ആവേശമായി സി എൽ സി അതിരൂപത ജനറൽ ബോഡി**

തൃശ്ശൂർ അതിരൂപത സി.എൽ.സി.യുടെ വാർഷിക ജനറൽ ബോഡി യോഗം ഫെബ്രുവരി 23നു തൃശ്ശൂർ ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് നടന്നു. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. യോഗത്തിൽ വെച്ച് വി. മദർ തെരേസ ചിത്ര രചനാ മത്സര വിജയികൾക്കും മരിയോൽസവം സാഹിത്യ മത്സര വിജയികൾക്കും മാർ കുണ്ടുകുളം പ്രസംഗ മത്സര വിജയികൾക്കും അഭിവന്ദ്യ പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്തു. അതിരൂപത സി എൽ സി പ്രൊമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് ആമുഖ പ്രഭാഷണവും അസി. ഡയറക്ടർ ഫാ. ഫ്രജോ വാഴപ്പള്ളി അനുമോദന പ്രസംഗവും നടത്തി.

4. **സ്നേഹഭവന നിർമ്മാണവുമായി തൃശൂർ അതിരൂപത സി.എൽ.സി**

സി.എൽ.സി. തൃശൂർ അതിരൂപത സമിതിയുടെ നേതൃത്വത്തിൽ വിവിധ ഫൊറോന  ഇടവക സമിതികളുടെ സഹകരണത്തോടെ ഈ വർഷം ഒരു സ്നേഹ ഭവനം നിർമ്മിച്ചു നൽകുന്നു. അതിരൂപതയിലെ ഫൊറോന സമിതിയുടെ ആഭിമുഖ്യത്തിൽ വിവിധ സി എൽ സി യൂണിറ്റുകളിൽ നിുമായി 50000 കിലോ പേപ്പർ ശേഖരിച്ച് അത് വിറ്റു കിട്ടുന്ന പണമാണ് ഈ സ്നേഹ ഭവന നിർമാണത്തിനു ഉപയോഗിക്കുക. ഇതിനായി അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയും ഫൊറോന ഭാരവാഹികളുമടങ്ങുന്ന വിപുലമായ കമ്മറ്റി രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. അടുത്തു വരുന്ന വേനലവധിയിൽ ഏപ്രിൽ മെയ് മാസങ്ങളിലായി ഈ സംരംഭത്തിനു വേണ്ടുന്ന പത്രമാസികകൾ ഇടവകയിലെ വിവിധ ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്നു. ഇതുമായി ബന്ധപ്പെട്ടിട്ടുള്ള കൂടുതൽ നിർദ്ദേശങ്ങൾ  ഫൊറോന പ്രമോട്ടർമാർക്കും ഫൊറോന ഭാരവാഹികൾക്കും നൽകിയിട്ടുണ്ട്.  ഇടവകകളിൽ നിന്നും സി എൽ സി സംഘടനയുടെ നേതൃത്വത്തിൽ ഈ ഉദ്യമത്തിന് വേണ്ടുന്ന പരിപൂർണ്ണ പിന്തുണയും പ്രോത്സാഹനവും ഉണ്ടാകണമെന്നു താൽപ്പര്യപ്പെടുന്നു.

5. **ലോക സി.എൽ.സി.ദിനാഘോഷം ഓഫിസ് ഉദ്ഘാടനം**

തൃശൂർ അതിരൂപത സി.എൽ.സി. ആതിഥേയത്വം വഹിക്കുന്ന സംസ്ഥാനതല ലോക സി.എൽ.സി.ദിനാഘോഷത്തിന്റെ സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം മുക്കാട്ടുകര സെന്റ് ജോർജ്ജ് ഇടവക ദൈവാലയത്തിൽ വെച്ചു ഫെബ്രുവരി 23നു വൈകിട്ട് 5.30നു വികാരി ഫാ. പോൾ തേക്കാനത്ത് നിർവഹിച്ചു. സംസ്ഥാന സി.എൽ.സി. പ്രസിഡന്റ് ഷോബി പോൾ, സംസ്ഥാന പ്രൊമോട്ടർ ഫാ. ജിയോ

തെക്കിനിയത്ത്, അതിരൂപത സി.എൽ.സി. പ്രസിഡന്റ് ജോമി ജോൺസൺ, അതിരൂപത അസി. പ്രൊമോട്ടർ ഫാ. ഫ്രാജോ വാഴപ്പള്ളി, ഫൊറോന പ്രൊമോട്ടർ ഫാ. ജിസോ കുറ്റിക്കാട്ട്, അസി. വികാരി ഫാ. ലിയോ പുത്തൂർ , അതിരൂപത അനിമേറ്റർ സി. ജ്യോതിസ്, ജനറൽ കൺവീനർ സെബിൻ സി കെ, സംസ്ഥാന ഭാരവാഹികളായ വിനേഷ് കോളെങ്ങാടൻ, ബിജിൽ ജോസഫ്, നിയ തോബിയാസ്, അതിരൂപത ഭാരവാഹികളായ ജെസ്വിൻ സാജു, ഡോംസൻ സൈമൺ, ജീസോ ലോനപ്പൻ, ഫെസിൻ മാത്യു, പ്രിന്റൊ കാഞ്ഞിരത്തിങ്കൽ, ഇടവക സി.എൽ.സി. പ്രസിഡന്റ് റിന്റൊ എന്നിവർ നേതൃത്വം നൽകി. ആഘോഷത്തിന്റെ ഭാഗമായി വിവിധ കമ്മിറ്റി ഭാരവാഹിക്കള തെരഞ്ഞെടുത്തു. മാർച്ച് 22നാണ് 458–ാമത് ലോക സി.എൽ.സി. ദിനാഘോഷം നടക്കുക.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൺ**
പ്രസിഡന്റ്

**ജെസ്വിൻ സാജു**
സെക്രട്ടറി




## തൃശ്ശൂർ അതിരൂപത

1. **സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ്**
   KCSL സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് ഏപ്രിൽ 22,23,24,25 തിയ്യതികളിലായി കുരിയച്ചിറ സെന്റ് പോൾസ് കോൺവെന്റ് ഋഉടടൽ വെച്ച് നടക്കും. വർഷങ്ങൾക്കു ശേഷമാണ് സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് തൃശ്ശൂരിൽ സംഘടിപ്പിക്കുന്നത്. സംസ്ഥാന ഭാരവാഹികളെ ഈ ക്യാമ്പിൽ വെച്ചാണ് തിരഞ്ഞെടുക്കുന്നത്. തൃശ്ശൂർ അതിരൂപതാംഗങ്ങൾക്ക് ഈ ക്യാമ്പിൽ പങ്കെടുക്കാൻ അവസരമുണ്ടായിരിക്കും.
2. **അതിരൂപത നേതൃത്വ പരിശീലന ക്യാമ്പ്**
   ഈ വർഷത്തെ സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പിന് തൃശ്ശൂർ അതിരൂപത ആഥിഥേയത്വം വഹിക്കുന്നതിനാൽ അതിരൂപതാ നേതൃത്വ പരിശീലന ക്യാമ്പ് നടത്തുന്നതല്ല. അതിരൂപതാംഗങ്ങൾക്ക്

സംസ്ഥാന ക്യാമ്പിൽ നേരിട്ട് പങ്കെടുക്കാവുന്നതാണ്. താൽപര്യമുള്ളവർ ഓർഗ്ഗനൈസറുമായി ബന്ധപ്പെടുക.

3. **അതിരൂപതാ ഇലക്ഷൻ**

2020–2021 അധ്യയന വർഷത്തെ അതിരൂപതാ ഭാരവാഹികളെ സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പിൽ വെച്ച് കൂടുന്ന അതിരൂപതാ ഇലക്ഷൻ യോഗത്തിൽ നിന്ന് തിരഞ്ഞെടുക്കുന്നതായിരിക്കും. ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടാൻ ആഗ്രഹിക്കുന്നവർ സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പിൽ പങ്കെടുക്കണം.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ



# കാത്തലിക് നേഴ്സസ് ഗിൽഡ്

2020 ജനുവരി. 27–ന് ജൂബിലി മിഷൻ ഹോസ്പിറ്റലിൽ വെച്ച് CNGAT ബോർഡ് മെമ്പർമാരുടെ എക്സിക്യൂട്ടിവ് മീറ്റിങ്ങ് നടന്നു. രോഗീദിനമായ ഫെബ്രുവരി – 11 എങ്ങനെ ഉചിതമായി ആഘോഷിക്കാം എന്ന് ചർച്ച ചെയ്ത് തീരുമാനിക്കുകയും, ഫെബ്രുവരി – 8–ന് വടുക്കുഞ്ചേരി ദൈവദാനം സിസ്റ്റേഴ്സ് നടത്തുന്ന അഗതിമന്ദിരം സന്ദർശിച്ച് വിവിധ ആതുരാലയങ്ങളിൽ നിന്ന് ശേഖരിച്ച നിത്യോപയോഗ സാധനങ്ങളും മരുന്ന് ഉത്പന്നങ്ങളും സാന്ത്വനസമ്മാനമായി നൽകി. അന്തേവാസികൾക്ക് CNGAT ഡയറക്ടർ റവ ഫാ. ജിമ്മി എടക്കളത്തൂർ വചന സന്ദേശം നൽകുകയും തുടർന്ന് കലാപരിപാടികൾ നടത്തുകയും, അന്തേവാസികളോടൊപ്പം സമയം ചിലവഴിച്ച് സ്നേഹസാന്ത്വനവും, പ്രാർത്ഥനയും ആശംസിക്കുകയും ചെയ്തു. എല്ലാ ആതുരാലയങ്ങളിലും രോഗിദിനത്തിൽ രോഗികൾക്കായി പ്രത്യേക ദിവ്യബലിയും പ്രാർത്ഥനയും കാരുണ്യപ്രവർത്തികളും നടത്തുകയുണ്ടായി.

നോമ്പുകാലത്ത് നടത്തിവരാറുള്ള നേഴ്സുമാർക്കു വേണ്ടിയുള്ള ധ്യാന പരിപാടികൾ – കൊറോണ വൈറസ് – പടരുന്ന കാരണങ്ങൾ –

താൽക്കാലികമായി നിർത്തിവെച്ചു. തൃശ്ശൂർ നേഴ്സസ് ഗിൽഡിന്റെ അംഗങ്ങളായവരുടെ പേരുകൾ ശേഖരിച്ച് മെമ്പർഷിപ്പ് പുതുക്കുവാനും, പുതിയ അംഗങ്ങളെ ചേർക്കുവാനും എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ തീരുമാനിച്ചു.

**സി. റൊസീന ഡേവിസ് FCC**
സെക്രട്ടറി

**ഫാ. ജിമ്മി എടക്കളത്തൂർ**
ഡയറക്ടർ




# ചിൽഡ്രൻസ് മിനിസ്ട്രി

1. **എയ്ഞ്ചലോസ് 2020**

   ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ **2020 മെയ് 24–ന്** അതിരൂപതാതലത്തിൽ ഈ വർഷം ആഘോഷമായ കുർബ്ബാന സ്വീകരണം നടത്തിയവർക്ക് ഉച്ചതിരിഞ്ഞ് 1.15 മണി മുതൽ 4.30 മണിവരെ **തൃശ്ശൂർ ലൂർദ്ദ് മെട്രോപൊളിറ്റൻ കത്തീഡ്രലിൽ** വച്ച് സ്വീകരണം നൽകുന്നു. എല്ലാ ഇടവകളിൽ നിന്നും പങ്കാളിത്വവും സഹകരണവും പ്രതീക്ഷിക്കുന്നു.

2. **പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

   **തിരുവചനം:** " കർത്താവേ അങ്ങയുടെ കാരുണ്യം എന്റെമേൽ ചൊരിയണമേ! അങ്ങ് വാഗ്ദാനം ചെയ്ത രക്ഷ എനിക്കു നൽകണമേ!". (സങ്കീ. 119: 41)

   **സുകൃതജപം:** ഈശോയേ എന്നെ രക്ഷിക്കണമേ.

   **പ്രാർത്ഥനാനിയോഗം:** കോറോണ വൈറസ് ബാധയിൽന്നും ലോകത്തെ സംരക്ഷിക്കണമേ.

   **പരിചയപ്പെടുന്ന വിശുദ്ധൻ:** വി. മർക്കോസ് (ഏപ്രിൽ 16)

   **പ്രവർത്തനം :** രോഗബാധയിൽ നിന്നും വിമുക്തി നേടുവാൻ ജപമാല ചൊല്ലി പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുക

**സി. റെജി എസ്.എസ്.പി.സി**
**കോർഡിനേറ്റർ**

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
**ഡയറക്ടർ**




**1. ദൈവാലയ ശുശ്രൂഷികളുടെ സംഘടനക്ക് പുതിയ നേതൃത്വം**

തൃശൂർ അതിരൂപതയിലെ ദൈവാലയ ശുശ്രൂഷികളുടെ കുടുംബ സംഗമവും അതിരൂപതതല വാർഷിക ജനറൽ ബോഡി യോഗവും 2019 നവംബർ 21 ന് തൃശൂർ ഫാമിലി അപ്പോസ്റ്റലേറ്റ് സെന്ററിൽ സംഘടിപ്പിച്ചു. തൃശൂർ അതിരൂപതയിലെ ദൈവാലയ ശുശ്രൂഷികളുടെ മക്കളിൽ വൈദികരായി പാലക്കാട് രൂപതക്കു വേണ്ടി സേവനം ചെയ്യുന്ന ഫാ. ലിവിൻ (പോന്നോർ), തൃശൂർ അതിരൂപതക്കു വേണ്ടി സേവനം ചെയ്യുന്ന ഫാ.ജസ്റ്റിൻ തേക്കാനത്ത് (ആമ്പക്കാട്), ഷേൻസ്റ്റാട്ട് സന്യാസസമൂഹത്തിൽ ഉൾപെട്ട ഫാ. സാജൻ പുത്തൂർ (താന്ന്യം) എന്നിവരുടെ കാർമികത്വത്തിൽ ദിവ്യബലിയോടെയാണ് കുടുംബസംഗമം ആരംഭിച്ചത്. മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത സംഗമത്തിൽ പ്രസിഡന്റ് വർഗീസ് തിരൂർ അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ, ജോസ് മാടാനി എന്നിവർ പങ്കെടുത്ത് സംസാരിച്ചു. ദൈവാലയ ശുശ്രൂഷികളുടെ സാമൂഹ്യ സുരക്ഷ സഹായങ്ങൾക്കായി സംഖ്യ സ്വരൂപിക്കാൻ നടത്തിയ സംഭാവന കൂപ്പൺ പദ്ധതിയിൽ സഹകരിച്ചവർക്കായി നടത്തിയ നറുക്കെടുപ്പ് തദവസരത്തിൽ നടത്തി. 2019 ൽ 25 വർഷങ്ങൾ പൂർത്തീകരിച്ച ശുശ്രൂഷികളേയും, ഈ വർഷം വിരമിക്കുന്നവരേയും യോഗം ആദരിച്ചു. സംഘടനയുടെ പുതിയ ഫൊറോന പ്രതിനിധികളേയും അവരിൽ നിന്നും അതിരൂപത പ്രസിഡന്റായി ഇഗ്നേഷ്യസ് കണ്ടനാടൻ (പടവരാട്) സെക്രട്ടറിയായി സണ്ണി (എടക്കളത്തൂർ) ട്രഷററായി ജോയ്സൻ (പുല്ലഴി) എന്നിവരേയും തിരഞ്ഞെടുത്തു.

**2. കെ.എൽ.എം. വാർഷിക ജനറൽ ബോഡി**

കേരള ലേബർ മൂവ്മെന്റിന്റെ 2019 ലെ വാർഷിക ജനറൽ ബോഡി യോഗം 2019 ഡിസംബർ 22 ഞായറാഴ്ച 09.30 ന് പുത്തൂർ സെന്റ് തോമസ് പാരിഷ് ഹാളിൽ സംഘടിപ്പിച്ചു. പ്രസിഡന്റ് ശ്രീ. ജോസ് മാടാനി അദ്ധ്യക്ഷനായിരുന്നു. ഡയറക്ടർ ഫാ. ജോർജ് തോമസ്

നിരപ്പുകാലായിൽ 2020 ൽ കെ.എൽ.എം. പ്രാവർത്തികമാക്കേണ്ട തായ പദ്ധതികളുടെ അവതരണം നടത്തുകയും ചർച്ചകൾക്ക് നേതൃ ത്വം നല്കുകയും ചെയ്തു. അതിരൂപത അജപാലന പദ്ധതിയുടെ ഭാഗമായി നടത്തേണ്ടതായ പ്രവർത്തനങ്ങൾ ഉൾപെടെ തൊഴിൽ മേഖലയിൽ ആവശ്യമായ പരിശീലനത്തിനും തൊഴിലാളികളുടെ വളർച്ചക്ക് ആവശ്യമായ പദ്ധതികൾക്കും പാവപ്പെട്ടവരും സാധാരണക്കാരുമായ തൊഴിലാളികൾക്ക് സഹായകമായ പിന്തുണക്കും ഊന്നൽ നല്കിയ പ്രവർത്തന രേഖ ചർച്ചകൾക്കു ശേഷം ജനറൽ ബോഡി യോഗം അംഗീകരിച്ചു. യൂണിറ്റുകളിൽ നിന്നും പ്രസിഡന്റ്, ജനറൽ സെക്രട്ടറി, അതിരൂപത കൗൺസി ലർമാർ എന്നിവരും, മേഖല (ഫൊറോന) ഭാരവാഹികളും ഉൾപെടെ 92 യൂണിറ്റുകളിൽ നിന്നും 364 പേർ വാർഷിക ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്തു.

3. **കെ.എൽ.എം. ഡയമണ്ട് ജൂബിലി സമാപന ആഘോഷങ്ങൾ**

1. **സി.എൽ.എ./കെ.എൽ.എം. പൂർവനേതാക്കളുടെ സംഗമം**

1959 മുതൽ ഇന്നു വരെ സി.എൽ.എ/കെ.എൽ.എം. എന്ന സംഘടനയുടെ അതിരൂപത ഭാരാഹികളും അതിരൂപതതലത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗങ്ങളും ആയിരുന്നവരുടെ ഒരു സംഗമം 2019 ഡിസംബർ 14 ശനിയാഴ്ച രാവിലെ 10 മണിക്ക് തൃശൂർ ഡി.ബി.സി.എൽ.സി.യിൽ സംഘടിപ്പിച്ചു. വികാരി ജനറാൾ മോൺ. ജോസ് വള്ളൂരാൻ ഉദ്ഘാടനം നിർവഹിച്ചു. മുൻ ഡയറക്ടറും നിലവിൽ വികാരി ജനറാളുമായ മോൺ. തോമസ് കാക്കശേരി മുൻകാല നേതാക്കളെ അനുമോദിച്ച് സംസാരിക്കുകയും എല്ലാവർക്കും മെമെന്റോ നല്കി ആദരിക്കുകയും ചെയ്തു. സംസ്ഥാന ഡയറക്ടർ ഫാ. പ്രസാദ് കണ്ടത്തിപ്പറമ്പിൽ, സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷാജു ആന്റണി, സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.കെ.ജെ. തോമസ്, ഫാ.ദേവസ്സി പന്തല്ലൂക്കാരൻ, പി.എൽ. ജോർജ്, ജോമോൻ ചെറുശ്ശേരി, ലാലി ജയിംസ് തുടങ്ങിയവർ സംസാരിച്ചു. 120 മുൻകാല നേതാക്കൾ സന്നിഹിതരായിരുന്നു.

2. **കല, കായിക, സാഹിത്യ മത്സരങ്ങൾ**

കെ.എൽ.എം. ന്റെ ഡയമണ്ട് ജൂബിലിയോട് അനുബന്ധിച്ച് സംഘടനയുടെ അംഗങ്ങൾക്ക് മേഖല (ഫൊറോന) തലത്തിൽ മത്സരങ്ങൾ നടത്തുകയും തുടർന്ന് അതിൽ വിജയികളായവർക്ക് അതിരൂപത തലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ആകെ മൂവായിരത്തിലധികം അംഗങ്ങൾ വളരെ ആവേശപൂർവം പങ്കെടുത്തു.

**3. സമാപന ആഘോഷങ്ങൾ**

ഡിസംബർ 22 ന് ഉച്ചക്ക് ശേഷം 2 മണിക്ക് പുത്തൂർ സെന്ററിലൂടെയുള്ള ഘോഷയാത്രയോടെ ഡയമണ്ട് ജൂബിലി ആഘോഷങ്ങൾ ആരംഭിക്കുകയും സെന്റ് തോമസ് പള്ളിയുടെ പ്രധാന ഹോളിൽ സംഘടിപ്പിച്ച പൊതുസമ്മേളനത്തോടെ സമാപിക്കുകയും ചെയ്തു. അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഗവൺമെന്റ് ചീഫ് വിപ് അഡ്വ. കെ. രാജൻ എം.എൽ.എ. മുഖ്യാതിഥിയായിരുന്നു. കെ.എൽ.എം. സംസ്ഥാന പ്രസിഡന്റ് ഷാജു ആന്റണി, പുത്തൂർ ഫൊറോന വികാരി ഫാ. ജോൺ കിടങ്ങൻ, ഡയറക്ടർ ഫാ. ജോർജ് നിരപ്പുകാലായിൽ എന്നിവർ പങ്കെടുത്ത് സംസാരിച്ചു. ഡയമണ്ട് ജൂബിലിയോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളുടെ വിജയികൾക്കും, മികച്ച പ്രവർത്തകനായി തിരഞ്ഞെടുക്കപ്പെട്ട ബിജു ചിറയത്ത് (കൊഴുക്കുള്ളി), പ്രവർത്തക ആലീസ് പോൾ (ചിറ്റാട്ടുകര) എന്നിവർക്കും, മികച്ച പുരുഷ യൂണിറ്റ് പുതുക്കാടിനും, വനിത യൂണിറ്റ് ചിറ്റാട്ടുകരക്കും, മേഖല പുത്തൂർ ഫൊറോനക്കും, മികച്ച നവാഗത യൂണിറ്റ് മുക്കാട്ടുകരക്കും അവാർഡുകൾ നല്കി. പിഎസ്എസ്എസ്പി നല്കുന്ന അവാർഡുകളും തദവസരത്തിൽ വിതരണം ചെയ്തു. സമാപനാഘോഷങ്ങളോട് അനുബന്ധിച്ച് കെ.എൽ.എം. അംഗങ്ങൾക്ക് വേണ്ടി ആരംഭിക്കുന്ന കെ.എൽ.എം ഡയമണ്ട് ജൂബിലി മരണാനന്തര സഹായ ഫണ്ടിന്റെ ഉദ്ഘാടനവും ഈ വർഷം പങ്കാളികളായ അംഗങ്ങൾക്ക് നല്കുന്ന തുകയുടെ (Rs.140000.00) പ്രഖ്യാപനവും നടത്തി. സമാപന സമ്മേളനത്തിനും മറ്റു പരിപാടികൾക്കും പുത്തൂർ ഫൊറോന പള്ളി യൂണിറ്റ് നേതൃത്വം നല്കി.

**4. മോൺ. തോമസ് തലച്ചിറ അനുസ്മരണവും**

മോൺ. തോമസ് തലച്ചിറ അനുസ്മരണ സമ്മേളനവും 2020 ലെ കെ.എൽ.എം. വാർഷിക കർമ്മപരിപാടികളുടെ ഉദ്ഘാടനവും തൃശൂർ പാസ്റ്ററൽ സെന്ററിൽ 2020 ജനുവരി 11 ശനിയാഴ്ച നിർവഹിച്ചു. തൃശൂർ കെ.എൽ.എം. പ്രസിഡന്റ് ശ്രീ. ജോസ് മാടാനി അദ്ധ്യക്ഷനായ യോഗം റവ. ഫാ. റാഫേൽ ആക്കാമറ്റത്തിൽ (ഡയറക്ടർ, ഡി.ബി.സി.എൽ.സി. & റസിഡന്റ് മാനേജർ, ദീപിക, തൃശൂർ) മോൺ. തോമസ് തലച്ചിറ അനുസ്മരണ പ്രഭാഷണം നടത്തുകയും, 2020 ലെ കെ.എൽ.എം. വാർഷിക കർമ്മപരിപാടികളുടെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

**5. ഏകദിന ധ്യാനവും പ്രാർത്ഥന സമ്മേളനവും**

കേരള ലേബർ മൂവ്മെന്റിന്റെ യൂണിറ്റ്, മേഖല, അതിരൂപത ഭാരവാഹികൾക്ക് സംയുക്തമായി മാർച് 1 ഞായറാഴ്ച ഒരു ഏകദിന ധ്യാനവും ദിവ്യകാരുണ്യ ആരാധനയും ചിയ്യാരം സേവനാലയം പള്ളിയിൽ വച്ച് സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നുമായി മുന്നൂറിലധികം പേർ തദവസരത്തിൽ സജീവമായി പങ്കെടുത്തു.

**6. ദൈവാലയ ശുശ്രൂഷികളുടെ ഏകദിന ധ്യാനം**

തൃശൂർ അതിരൂപതയിലെ ദൈവാലയ ശുശ്രൂഷികൾക്ക് വേണ്ടി മാർച് 2 തിങ്കളാഴ്ച ഒരു ഏകദിന ധ്യാനവും ദിവ്യകാരുണ്യ ആരാധനയും പൂങ്കുന്നം സെന്റ് ജോസഫ് പള്ളിയിൽ വച്ച് സംഘടിപ്പിച്ചു. 16 ഫൊറോനകളിലായി ഉൾപെടുന്ന 218 ഇടവകകളിൽ നിന്നും 105 ദൈവാലയ ശുശ്രൂഷികൾ പങ്കെടുത്തു.

**7. ഡയമണ്ട് ജൂബിലി മരണാനന്തര സഹായ പദ്ധതി**

കെ.എൽ.എം. അംഗങ്ങൾക്കായി ഡയമണ്ട് ജൂബിലിയോട് ബന്ധപ്പെട്ട് ആരംഭിച്ച മരണാനന്തര സഹായ പദ്ധതിയിൽ നിന്നും കുരിയച്ചിറ, മണ്ണംപേട്ട ഇടവകകളിൽ ഉൾപ്പെട്ട രണ്ട് അംഗങ്ങളുടെ വീട്ടുകാർക്ക് പദ്ധതിവിഹിതമായ 140000.00 (ഒരു ലക്ഷത്തി നാല്പതിനായിരം) രൂപ വീതം നല്കി.

**8. ഡയമണ്ട് ജൂബിലി കമ്മിറ്റി സമാപന യോഗം**

ഡയമണ്ട് ജൂബിലി ആഘോഷങ്ങൾക്ക് നേതൃത്വം നല്കിയ വിവിധ കമ്മിറ്റികളുടെ സമാപന യോഗം പുത്തൂർ സെന്റ് തോമസ് പള്ളിയിൽ സംയുക്തമായി കൂടുകയും കണക്ക് അവതരിപ്പിക്കുകയും പരിപാടികളുടെ വിലയിരുത്തൽ നടത്തുകയും ചെയ്തു. ശ്രീ. ജോസ് മാടാനി അദ്ധ്യക്ഷത വഹിച്ചു. ആഘോഷങ്ങൾക്ക് നേതൃത്വം നല്കിയ പുത്തൂർ ഫൊറോന വികാരിയേയും പുത്തൂരിൽ നിന്നുള്ള കെ.എൽ.എം. യൂണിറ്റംഗം അതിരൂപത പ്രസിഡന്റിനേയും യൂണിറ്റിനേയും പ്രത്യേകം അനുമോദിച്ചു. ഫാ ജോർജ് തോമസ്, മോളി ജോബി തുടങ്ങിയവർ സംസാരിച്ചു.

**9. പുതിയ യൂണിറ്റ്**

പാലയൂർ ഫൊറോനയിൽ ഉൾപെട്ട ചെമ്മണ്ണൂർ സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ 2020 ജനുവരി 26 ന് കേരള ലേബർ മൂവ്മെന്റിന്റെ പുതിയ ഒരു യൂണിറ്റ് രൂപീകരിച്ചു.

**10. വനിത ദിനാഘോഷം**

അന്തർദേശീയ വനിതാദിനാചരണത്തിന്റെ ഭാഗമായി കേരള ലേബർ മൂവ്മെന്റ് എളവള്ളി സെന്റ് ആന്റണീസ് പള്ളി ഹോളിൽ 2020 മാർച്ച് 8 ഞായറാഴ്ച സെമിനാറും വനിത തൊഴിലാളി സംഗമവും

സംഘടിപ്പിച്ചു. സെമിനാറിൽ നെസ്റ്റ് ഡിഅഡിക്ഷൻ സെന്റർ, രാമവർമപുരം & ചൈതന്യ കൗൺസലിംഗ് സെന്റർ, ചിയ്യാരം സേവനാലയം എന്നിവിടങ്ങളിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ശ്രീ. ജെയിൻ ഐ. മേച്ചേരി വിഷയാവതരണം നടത്തി. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. വനിത ദിനാഘോഷത്തിന്റെ ഭാഗമായി എളവള്ളി യൂണിറ്റ് നടത്തിയ സഞ്ചി വിപ്ളവം പദ്ധതിക്ക് ഫാ. ഡേവിസ് ചിറമ്മൽ (കിഡ്നി ഫെഡറേഷൻ) തുടക്കം കുറിച്ചു. ഫാ. ജോർജ് നിരപ്പുകാലായിൽ, ജോസ് മാടാനി, ഫാ.ജെയ്സൺ ചിറ്റിലപ്പിള്ളി, ലതി വേണുഗോപാൽ, മോളി ജോബി, ഫാ. ലിറിൽ തളിയപ്പറമ്പിൽ, ഫാ. ജിന്റോ പെരേപ്പാടൻതുടങ്ങിയവർ സംസാരിച്ചു. വനിത തൊഴിലാളികളിൽ എഴുപത് വയസ്സ് പൂർത്തിയായ കെ.എൽ.എം. അംഗങ്ങളെ ചടങ്ങിൽ വച്ച് ആദരിക്കുകയുണ്ടായി.

**ഫാ. ജോർജ് നിരപ്പുകാലായിൽ**
ഡയറക്ടർ

**ഫാ. ജെയ്സൺ ചിറ്റിലപ്പിള്ളി**
അസോ. ഡയറക്ടർ

**ജോസ് മാടാനി**
പ്രസിഡന്റ്



# സൊസൈറ്റി ഓഫ്
# സെന്റ് വിൻസെന്റ് ഡി പോൾ

തൃശൂർ ആർച്ച് ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ അതിരൂപത മെത്രാപൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത യോഗ ത്തിൽ തൃശൂർ സെൻട്രൽ കൗൺസിലിന്റെ പുതിയ പ്രസിഡന്റ് പുതു ക്കാട് ഫൊറോനയിലെ വെണ്ടൂർ കോൺഫറൻസ് അംഗമായ ബ്ര. ജോസ് ജെ. മഞ്ഞളി സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റെടുത്തു. പുതിയ അദ്ധ്യാത്മികോപദേഷ്ടാവായ റവ. ഫാ. ജിക്സൺ താഴത്തിന് സ്വീകരണം നൽകി. സ്ഥാനമൊഴിയുന്ന അദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. റോയ് മൂക്കനും, പ്രസിഡന്റ് ബ്ര. കെ.എ. ഷിബുവിനും യോഗം

യാത്രയയപ്പ് നൽകി. നാഷ്ണൽ കൗൺസിൽ, കെ.ആർ.സി.സി. പ്രതിനിധികൾ യോഗത്തിൽ സന്നിഹിതരായിരുന്നു.

പുതിയ ഭരണ സമിതിയുടെ നേതൃത്വത്തിൽ യോഗം ചേർന്നു. വൈസ് പ്രസിഡന്റുമാരായി ബ്ര. കെ.എ. ഷിബു, ബ്ര. കെ.കെ. പോൾസൺ, ബ്ര. സണ്ണി ഒല്ലൂക്കാരൻ, ബ്ര. പോളി ജോസ് വി., സെക്രട്ടറി – ബ്ര. പ്രശാന്ത് ചിറ്റിലപ്പിള്ളി, ട്രഷറർമാരായി – ബ്ര. സി.കെ വിൽസൺ, ബ്ര. റസിൽ കുരിയാക്കോസ്, മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളായി ബ്ര. എ.ഡി. ഫ്രാൻസീസ്, ബ്ര. ഒ.ഡി. ജോസഫ്, ബ്ര. കെ.ആർ. പിയൂസ്, ബ്ര. സി.എ. റപ്പായി, ബ്ര. ജിനോ ജോസ് എന്നിവരേയും തെരഞ്ഞെടുത്തു. സെൻട്രൽ കൗൺസിലിന് 36 അംഗങ്ങളായുള്ള പുതിയ ജനറൽ ബോഡി നിലവിൽ വന്നു. ഫെബ്രുവരി 28 ന് പാലയൂർ ജാഗരണ തീർത്ഥയാത്രയ്ക്ക് സി.സി. നേതൃത്വം വഹിച്ചു. മാർച്ച് 8 ന് ഏരിയാ കൗൺസിലുകളിൽ ഏകദിന ഉപവാസന പ്രാർത്ഥന നടത്തി.

ഏനാമാക്കൽ കോൺഫറൻസിന് കോഴി, കോഴിക്കൂട് പദ്ധതിക്കായി നാഷണൽ കൗൺസിലിൽ നിന്ന് 63,000 രൂപ ലഭിച്ചു. രൂപതയിലെ 6 കുട്ടികൾക്ക് വിദ്യഭ്യാസ സ്കോളർഷിപ്പായി 48,000 രൂപ വിതരണം ചെയ്തു.

ബ്ര. പി.ടി. കൊച്ചപ്പൻ – ലൂർദ്ദ്, സി. മേഴ്സി ജോണി – വൈലത്തൂർ, ബ്ര. കെ.പി. ദേവസ്സി – മുൻ സി.സി. വൈസ് പ്രസിഡന്റ്, ബ്ര. കെ.ജെ. ആന്റണി – കൊട്ടേക്കാട് എന്നിവരുടെ നിര്യാണത്തിൽ ആദരാജ്ഞലികൾ അർപ്പിച്ചു.

| | |
|---|---|
| **ജോസ് ജെ. മഞ്ഞളി** | **ഫാ. ജിക്സൺ താഴത്ത്** |
| പ്രസിഡന്റ് | ആദ്ധ്യാത്മികോപദേഷ്ടാവ് |



# ലീജിയൻ ഓഫ് മേരി

പ്രാർത്ഥനയോടും ജപമാലയോടും കൂടി യോഗം ആരംഭിച്ചു. ആദ്ധ്യാത്മിക ഡയറക്ടർ നിയമഗ്രന്ഥം 437439 വായിച്ച് ഉപദേശം നൽകി. തിന്മക്കെതിരെ പോരാടാൻ മരിയ സൈന്യത്തെ ഉപദേശിക്കുന്ന ഭാഗമാണ് ഇന്നത്തെ പരായണമെന്ന് അച്ചൻ ഓർമ്മപ്പെടുത്തി. ഇന്നു നാം വി. കുർബ്ബാനയിൽ വായിച്ചുകേട്ട വചനഭാഗം കർത്താവെ കർത്താവെ എന്ന് എന്നെ വിളിക്കുന്നവരല്ല സ്വർഗ്ഗരാജ്യത്തിനവകാശികളാകുക മറിച്ച് ഈശോയുടെ ഹിതം നിറവേറ്റുന്നവരാണ്. ഈശോയുടെ കല്പനകൾ അനുസരിക്കുന്നവരാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക എന്ന് അച്ചൻ സൈനികരെ ഓർമ്മപ്പെടുത്തി. ദൈവം മനുഷ്യനെ ദൈവത്തിന്റെ ഛായയിലാണ് സൃഷ്ടിച്ചിട്ടുള്ളത്. ആയതിനാൽ നാം എല്ലാവരും എല്ലാ മനുഷ്യരെയും സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു. സ്നാപകന്റെ രണ്ട് ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നു. യേശു അവരോട് പറഞ്ഞു രക്ഷകനെപ്പറ്റി അറിയണമെങ്കിൽ വന്ന് കാണുക. അവർ വന്ന് കണ്ടു. രക്ഷകന്റെ ശിഷ്യന്മാരായിതീർന്നു. ശത്രുക്കളെ കൂടുതൽ സ്നേഹിക്കാനും നമുക്കുചുറ്റുമുള്ള പാവപ്പെട്ടവരേയും ദരിദ്രരെയും സഹായിക്കാനും എല്ലാ മരിയൻ സൈനികരും തയ്യാറാവണമെന്ന് അച്ചൻ ഉദ്ബോധിപ്പിച്ചു.

ലീജിയൻ ഓഫ് മേരി–തൃശ്ശൂർ കമ്മീസിയത്തിന്റെ കീഴിൽ രൂപീകരിച്ച സൗത്ത് മേഖലയെ സൗത്ത് സോൺ എ എന്നും സൗത്ത് സോൺ ബി എന്നും രണ്ടായി വിഭജിച്ചു. സൗത്ത് സോൺ ബിയിൽ പുതുക്കാട്, പള്ളിക്കുന്ന്, മരത്താക്കര കൂരിയകൾ ഉൾപ്പെടുന്നു. ഈ മേഖലയുടെ കോ–ഓർഡിനേറ്ററായി ആന്റണി തെക്കുംപുറത്തെ (പള്ളിക്കുന്ന് പ്രസീദിയം) യോഗം ഐക്യകണ്ഠേന തിരഞ്ഞെടുത്തു.

തലക്കോട്ടുകര, മുണ്ടൂർ എന്നീ ദേവാലയങ്ങളിൽ പുതിയ പ്രസീദിയങ്ങൾ തുടങ്ങിയതായി പ്രസിഡണ്ട് യോഗത്തെ അറിയിച്ചു. കിരാലൂർ, വേലൂർ, തലക്കോട്ടുകര, വെള്ളാറ്റഞ്ഞൂർ, മുണ്ടൂർ എന്നീ പ്രസീദിയ

ങ്ങളെ ഉൾപ്പെടുത്തികൊണ്ട് വേലൂർ പള്ളിയിൽ പുതിയ കൂരിയ സ്ഥാപി ക്കാൻ യോഗം തീരുമാനിച്ചു. 2020 മാർച്ച് 14–ാം നു ശനിയാഴ്ച കാലത്ത് 7 മണിയ്ക്ക് വി. കുർബ്ബാനയോടുകൂടി കൂരിയ സ്ഥാപിക്കുന്നതായിരി ക്കും.

തൃശ്ശൂർ കമ്മീസിയത്തിന്റെ 2020 ആച്ചിയസ് സമ്മേളനം 2020 മാർച്ച് 15–ാംനു ഞായറാഴ്ച രാവിലെ 10 മുതൽ സെന്റ് മേരീസ് കോളേജിൽ നടത്തുന്നതാണെന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചു. സമ്മേളന ത്തിന്റെ വിജയകരമായ നടത്തിപ്പിന് വേണ്ട കമ്മറ്റികളെ തിരഞ്ഞെ ടുത്തു.

| | |
|---|---|
| **ബ്ര. സണ്ണി കാട്ടൂക്കാരൻ** | **ഫാ. ജോൺ മൂലൻ** |
| പ്രസിഡണ്ട് | ആദ്ധ്യാത്മിക ഡയറക്ടർ |

## KCBC മദ്യവിരുദ്ധ സമിതി

1. **21–ാം സംസ്ഥാന സമ്മേളനം**
   കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ 21–ാം സംസ്ഥാന സമ്മേ ളനം ഫെബ്രുവരി 7, 8 എന്നീ തിയ്യതികളിൽ ഡി.ബി.സി.എൽ.സി. ഹാളിൽ ഭംഗിയായി അരങ്ങേറിയെന്ന് അറിയിക്കാൻ സന്തോഷമു ണ്ട്. ബഹു. അച്ചനും സംഘടനാ പ്രവർത്തകരും നൽകിയ വലിയ സഹകരണത്തിനു ഒരായിരം നന്ദി. ഇത്തവണ സംസ്ഥാന തലത്തി ലുള്ള ഒന്നാം സ്ഥാനം നമ്മുടെ അതിരൂപതയ്ക്കു ലഭിച്ചു. കൂടാതെ ഏറ്റവും നല്ല മദ്യവിരുദ്ധ പ്രവർത്തകനായി തെരഞ്ഞെടുക്കപ്പെട്ടത് എരനെല്ലൂർ ഇടവകാംഗമായ ജോസ് ചെമ്പിശ്ശേരിയാണ്.
2. **അതിരൂപതാ സമിതിക്ക് പുത്തൻ ഭാരവാഹികൾ**
   പാസ്റ്ററൽ സെന്ററിൽ 23.02.2020 ഞായറാഴ്ച ഉച്ചതിരിഞ്ഞ് പുതിയ അതിരൂപത ഭാരവാഹികളെ തെരഞ്ഞെടുത്തു. മോൺ. ജോസ് വള്ളൂ രാനായിരുന്നു മോഡറേറ്റർ. തെരഞ്ഞെടുപ്പിനു ഒരുക്കമായി പ്രൊഫ. അബ്രഹാം വാഴൂർ നേതൃത്വപരിശീലനം നൽകി. ഡയറക്ടറച്ചന്റെ

ദിവ്യബലിയോടു കൂടിയായിരുന്നു പരിപാടികളുടെ തുടക്കം. എം. കെ. ബാബുവിന്റെ നേതൃത്വത്തിൽ സ്തുത്യർഹമായി മൂന്നു വർഷം പ്രവർത്തിച്ച് സ്ഥാനമൊഴിഞ്ഞ ഭാരവാഹികളുടെ സേവനം, ത്യാഗം, സഹകരണം എല്ലാം കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. താഴെ പേരെഴുതിയിരിക്കുന്നവരാണ് പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഭാര വാഹികൾ. അവരോട് സഹകരിച്ച് നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തി ക്കാം. അഭിനന്ദനങ്ങളും വിജയാശംസകളും നേരുന്നു.

C.P. ഡേവീസ് (പ്രസിഡണ്ട്), കൊച്ചുവർക്കി T.T., അമല K.A. (വൈസ് പ്രസിഡണ്ടുമാർ), അബ്രാഹം T.S. (സെക്രട്ടറി), സിജോ ജോയ്, ക്ലാര C.V. (ജോയിന്റ് സെക്രട്ടറിമാർ), ജോസ് വേലൂക്കാരൻ (ട്രഷറർ), ജോസ് വടക്കേത്തല (പി.ആർ.ഒ.).

**3. കൂപ്പൺ വരവ്**

21–ാം സംസ്ഥാന സമ്മേളനത്തിന്റെ ചെലവിലേക്കു വേണ്ടി കൂപ്പൺ വിതരണം സംഘടിപ്പിച്ചിരുന്നുവല്ലോ. അതുവഴി 2 ലക്ഷത്തോളം രൂപ സമാഹരിക്കാൻ സാധിച്ചു. സഹകരിച്ചവർക്കെല്ലാം നന്ദി. സംസ്ഥാന സമ്മേളനത്തിന്റെ മൊത്തം ചിലവ് മൂന്നു ലക്ഷത്തി എൺപതിനാ യിരം രൂപയാണ്.

**4. മദ്യവിരുദ്ധ ഞായർ (മാർച്ച് 8) ആചരണം**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാന ഘടകത്തിന്റെ ആഹ്വാ നപ്രകാരം മാർച്ച് 8 മദ്യവിരുദ്ധ ഞായറായി ആചരിച്ചു. വിവിധ ഇട വകകളിൽ ഒട്ടേറെ ബോധവൽക്കരണ പരിപാടികൾ അരങ്ങേറി. സംക്ഷിപ്തരൂപം ഇവിടെ ചേർക്കട്ടെ:–

**A.** പാലയ്ക്കൽ പള്ളിയിൽ വികാരി ഫാ. ജോജു പൊറത്തൂർ ബോധ വൽക്കരണസമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി അഡ്വ. ചാർലി പോൾ മുഖ്യപ്രഭാഷണം നടത്തി. ട്രഷറർ ജോസ് വേലൂക്കാരൻ, പി.ആർ.ഒ. ജോസ് വടക്കേത്തല തുടങ്ങിയവരാണ് നേതൃത്വം നൽകിയത്.

**B.** വടക്കാഞ്ചേരി ഫൊറോന പള്ളിയിൽ മദ്യവിരുദ്ധ ഞായർ ആചരണ ത്തിന്റെ ഭാഗമായി പ്രൊമോട്ടർ ഫാ. ആൻസൺ നീലങ്കാവിൽ ദിവ്യ ബലിയർപ്പിച്ച് സന്ദേശം നൽകി. വികാരി വെരി റവ. ഫാ. ഫ്രാൻസീസ് തരകൻ ആശംസകൾ അർപ്പിച്ചു. അതിരൂപത സെക്രട്ടറി ടി.എസ്. അബ്രാഹം ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലി. പോൾ പാലയൂർ, ഫ്രാൻസീസ് ഇമ്മട്ടി തുടങ്ങിയവർ ഈ ദിനാചരണത്തിന് നേതൃത്വം കൊടുത്തു.

**C.** കുമ്പളങ്ങാട് പള്ളിയിൽ രാവിലെ 8 മണിക്ക് അതിരൂപത ഡയരക്ടറച്ചൻ ദിവ്യബലിയർപ്പിച്ച് ലഹരിവിരുദ്ധ സന്ദേശം പകർന്നു. ശ്രീ.

ജോൺസൺ കുന്നംപിള്ളി, ബാബു വാഴപ്പിള്ളി, പ്രിൻസ് തലക്കോട്ടൂർ തുടങ്ങിയവർ ആണ് സമർത്ഥമായി സാരഥ്യം വഹിച്ചത്. വികാരി ഫാ. ബിജു ജോസഫ് ആലപ്പാട്ടിന് പ്രത്യേകം നന്ദി.

**D.** സരിതപുരം ഇടവകയിൽ വികാരി ഫാ. ആന്റണി മേനാച്ചേരി ദിവ്യബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. അതിരൂപത ഓഡിറ്റർ എം.ഐ. അഗസ്റ്റിനാണ് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തത്. അബ്രഹാം കൊച്ചുപുരയ്ക്കൽ, സേവ്യർ എടക്കളത്തൂർ തുടങ്ങിയവർ നേതൃത്വമരുളി.

**E.** ചേർപ്പ് പള്ളിയിൽ വികാരി ബഹു. പ്രിൻസ് പൂവത്തിങ്കൽ പതാക ഉയർത്തിക്കൊണ്ട് ലഹരി വിരുദ്ധ ഞായർ പരിപാടികൾക്ക് തുടക്കം കുറിച്ചു. സിജോ. ഐ.ജെ, കെ.എൽ. ആന്റണി തുടങ്ങിയവരുടെ പ്രത്യേക നേതൃത്വത്തിലും താൽപര്യത്തിലുമാണ് പരിപാടികൾ സംഘടിപ്പിച്ചത്.

**F.** വലപ്പാട് ഇടവകയിൽ ദിവ്യബലിക്കുശേഷം വികാരി ഫാ. ബാബു അപ്പാടനാണ് പതാക ഉയർത്തിക്കൊണ്ട് ലഹരി വിരുദ്ധ പരിപാടികൾ ഉദ്ഘാടനം ചെയ്തത്. മുൻ അതിരൂപത പ്രസിഡന്റ് ജോസ് ആലപ്പാട്ട് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. യൂണിറ്റ് പ്രസിഡന്റ് എബി ഫ്രാൻസീസും സഹസാരഥികളും പരിപാടികൾക്ക് നേതൃത്വം നൽകി.

| | |
|---|---|
| **ജോസ് വടക്കേത്തല** | **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** |
| പി.ആർ.ഒ. | ഡയറക്ടർ |

# പാസ്റ്ററൽ ആനിമേഷൻ ആൻഡ് കോർഡിനേഷൻ ടീം

**1. ഇടവക പാക്ട് സന്ദർശനം**

ഇടവകകളിലെ പാക്ട് അംഗങ്ങളെ പരിചയപ്പെടുന്നതിനും, പ്രവർത്തനങ്ങളെക്കുറിച്ച് അറിയുന്നതിനും അതിരൂപത പാക്ട് ടീം എപ്രിൽ മാസം മുതൽ അതിരൂപതയിലെ വിവിധ ഇടവകകൾ മുൻകൂട്ടി അറിയിച്ചതിനുശേഷം സന്ദർശിക്കുന്നു.

**2. അജപാലന പദ്ധതി 2020**

ഈ വർഷത്തെ അജപാലന പദ്ധതി തയ്യാറാക്കാൻ നേതൃത്വം നല്കിയ വിവിധ ഇടവക പാക്ട് അംഗങ്ങൾക്കും ബഹു. വികാരിയച്ചൻമാർക്കും അസി. വികാരിയച്ചൻമാർക്കും നന്ദി. ഇടവക അജപാ

ലനപദ്ധതി നല്കാത്ത ഇടവകകൾ എത്രയും വേഗം അതിരൂപത പാക്ട് ഓഫീസിൽ നല്കാൻ അ ്യർത്ഥിക്കുന്നു.

**3. നന്ദി, സ്വാഗതം**

2015 നവംബർ മുതൽ മൂന്നാം അതിരൂപത അസംബ്ലി ഒരുക്കസമിതിയുടേയും 2018 മെയ് മുതൽ അതിരൂപത പാക്ടിന്റേയും കൺവീനറായിരുന്ന റവ. ഫാ. റാഫേൽ ആക്കമറ്റത്തിലിനും സെക്രട്ടറിയായി സേവനം ചെയ്തിരുന്ന റവ. ഫാ. സൈജോ തൈക്കാട്ടിലിനും ഈ കാലയളവു വരെ പാക്ട് ട്രഷററായിരുന്ന റവ. ഫാ. ജോയ് മൂക്കനും അതിരൂപത പാക്ട് എക്സിക്യൂട്ടിവ് യോഗം നന്ദി പ്രകാശിപ്പിച്ചു. 2020 ഫെബ്രുവരി 4 ന് ആർച്ച് ബിഷപ്സ് ഹൗസിൽ വെച്ച് അ ി വന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച യോഗത്തിൽ അ ിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും മറ്റംഗങ്ങളും ആശംസകൾ നേർന്നു. അതിരൂപത പാക്ടിന്റെ കൺവീനറായി ചുമതലയേൽക്കുന്ന റവ. ഫാ. സൈജോ തൈക്കാട്ടിലിനും സെക്രട്ടറിയായി നിയമിതനായ റവ. ഫാ. അലക്സ് മരോട്ടിക്കലിനും പുതിയ ട്രഷറർ റവ. ഫാ. വർക്ഷീസ് കൂത്തൂരിനും അ ിനന്ദനങ്ങളും ആശംസകളും നേർന്നു.

അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ 2020 ജനുവരി 28ന് അതിരൂപത പാക്ട് ഓഫീസിൽ സമ്മേളിച്ച സെക്രട്ടറിയേറ്റ് യോഗത്തിൽ വെച്ച് പാക്ട് സെക്രട്ടറിയേറ്റ് അംഗങ്ങളായി ഇതുവരെ സേവനം ചെയ്തു വരുന്ന റവ. ഫാ. മനോജ് കീഴൂരുമുട്ടിക്കലിനും റവ. ഫാ. ക്രിസ്റ്റീൻ ചിറമ്മലിനും നന്ദിയും ആശംസകളും നേർന്നു. റവ. ഫാ. സൈജോ തൈക്കാട്ടിൽ സമ്മേളനത്തിന് നേതൃത്വം നൽകി. സെക്രട്ടറിയേറ്റ് അംഗങ്ങൾ ആശംസകൾ അർപ്പിച്ചു.

2020 ഫെബ്രുവരി 10 തിയ്യതി അതിരൂപത പാക്ട് ഓഫീസിൽ വച്ച് പുതിയ കൺവീനറായി ചുമതലയേറ്റ റവ. ഫാ. സൈജോ തൈക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ പാക്റ്റ് സെക്രട്ടറിയേറ്റ് യോഗം നടന്നു. പുതിയ സെക്രട്ടറി റവ. ഫാ. അലക്സ് മരോട്ടിക്കലിനേയും സെക്രട്ടറിയേറ്റ് അംഗമായി നിയമിതനായ റവ. ഫാ. നോബിൽ പെട്ടയിലിനേയും ബൊക്കെ നൽകി സ്വീകരിച്ചു. 2020-ൽ പാക്ടിന്റെ നേതൃത്വത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ഓരോരുത്തരുടേയും ചുമതലകൾ ഏൽപ്പിക്കുകയും ചെയ്തു.

ഇടവക പാക്ട്  ാരവാഹികൾ

പല ഇടവകകളിലും പുതിയ പ്രതിനിധിയോഗങ്ങൾ നിലവിൽ വന്ന സാഹചര്യത്തിൽ, പാക്ട് അംഗങ്ങളുടേയും കൺവീനർ, സെക്രട്ടറി

എന്നീ ാരവാഹികളുടേയും ലിസ്റ്റ് ബഹു. വികാരിയച്ചന്റെ ഒപ്പോടു കൂടി അതിരൂപത പാക്ട് ഓഫീസിൽ നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

4. **ഫൊറോന ഇടവക കൺവീനർമാരുടെ മിറ്റിംങ്ങ്**
പാക്ടിന്റെ ഫൊറോന ഇടവക പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും തുടർപ്രവർത്തനങ്ങൾ ആലോചിക്കുന്നതിനും മാർച്ച് 28–ാം തിയ്യതി രാവിലെ 10:30 ന് ഫൊറോന കൺവീനർമാരുടെ മിറ്റിംങ്ങും എപ്രിൽ 26 ഞായ്യർ 2:30 ന് ഇടവക കൺവീനർമാരുടെ മിറ്റിംങ്ങും ബിഷപ്പ് ഹൗസിൽവെച്ച് നടത്തപ്പെടുന്നതായിരിക്കും

**ഫാ. അലക്സ് മരോട്ടിക്കൽ**
സെക്രട്ടറി

**ഫാ. സൈജോ തൈക്കാട്ടിൽ**
കൺവീനർ



## അതിരൂപത പബ്ളിക്ക് റിലേഷൻസ് വകുപ്പ്

ലൂർദ്ദ്, പട്ടിക്കാട്, പുത്തൂർ, കൊട്ടേക്കാട് എന്നീ ഫൊറോനകളിലെ ഇടവകയിൽ നിന്നുള്ള പി.ആർ.ഒ. മാരുടെ സംഗമം ലൂർദ്ദ് പള്ളിയിൽ വച്ച് നടന്നു. അഭിവന്ദ്യ ടോണി പിതാവ് ഉദ്ഘാടനം ചെയ്തു. മോൺ. ജോസ് വല്ലൂരാൻ അധ്യക്ഷത വഹിച്ചു. ഫാ. നൈസൻ ഏലന്താനത്ത്, ഫ്രാങ്കോ ലൂവീസ്, ജോയ് എം. മണ്ണൂർ, എ. ഡി. ഷാജു എന്നിവർ പ്രസംഗിച്ചു.

പാലയൂർ, പറപ്പൂർ, മറ്റം, കണ്ടശ്ശാംകടവ് എന്നീ ഫൊറോനകളിലെ ഇടവകയിൽ നിന്നുള്ള പി.ആർ.ഒ. മാരുടെ സംഗമം പാലയൂർ പള്ളിയിൽ വച്ച് നടന്നു. ഫാ. വർഗ്ഗീസ് കരിപ്പേരി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. നൈസൻ ഏലന്താനത്ത് അധ്യക്ഷത വഹിച്ചു. ഫ്രാങ്കോ ലൂവീസ്, ജോയ് എം. മണ്ണൂർ, ടോജോ മാത്യു, ജോർജ്ജ് ചിറമ്മൽ, ബാബു ചിറ്റിലപ്പിള്ളി, ജോജു മഞ്ഞില, ലിന്റോ മാത്യു, സി. കെ. ജോസ് എന്നിവർ പ്രസംഗിച്ചു.

**ഡോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

**ഫാ. നൈസൻ ഏലന്താനത്ത്**
ഡയറക്ടർ



# ആദരാഞ്ജലികൾ

## റവ. ഫാ. ജോൺ ചെമ്മണ്ണൂർ

**ജനനം : 27.05.1923, തിരുപ്പട്ടം : 13.03.1958, മരണം : 15.03.2020**

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.03.2020
April - 2020

# പാവന സ്മരണയിൽ



## മാർ ജോസഫ് കുണ്ടുകുളം

ജനനം : 16.09.1917 മരണം: 26.04.1998

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor